

# ബാല കുസുമം

2025 ഏപ്രിൽ
വില 16 രൂപ

## സൈലന്റ്‌വാലി
## വൈവിധ്യങ്ങളുടെ കലവറ

# പുസ്തകങ്ങളോട് കൂട്ടുകൂടാം

## അണ്ടോണ മുഹ്‌യിദ്ദീൻ മുസ്‌ലിയാർ

## ഭൂമി പറഞ്ഞ കഥ

## ഖാൻ ബഹദൂർ ബറേലി

**ക്വിസ്** ആനുകാലികം, പൊതുവിജ്ഞാനം

ബാല കുസുമം
മാസിക

പുസ്തകം 12
ലക്കം 4
2025 ഏപ്രിൽ

# ആർക്കിടെക്റ്റ് സിനാൻ

തുർക്കിയിലെ ഏറ്റവും മനോഹരമായ പള്ളികളിലൊന്നാണ് സലീമിയ്യ മസ്ജിദ്. ഭൂചലനങ്ങളെ ചെറുക്കാൻ ശേഷിയുള്ള ശക്തമായ വാസ്തുവിദ്യയിലാണിത് നിർമിച്ചിട്ടുള്ളത്. ഉസ്മാനിയ്യ ഭരണകാലത്തെ പ്രമുഖ ശിൽപിയായിരുന്ന ആർക്കിടെക്റ്റ് സിനാനാണ് ഇതിന്റെ ആസൂത്രകൻ. പതിനാറാം നൂറ്റാണ്ടിൽ തുർക്കി ഭരിച്ച മൂന്നു സുൽത്വാന്മാരുടെ കാലത്ത് അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്. ഇക്കാലയളവിൽ 477 കെട്ടിടങ്ങളാണ് സിനാൻ നിർമ്മിച്ചത്. വ്യത്യസ്തമായ ഭൂപ്രകൃതികൾക്ക് അനുയോജ്യമായ വാസ്തുവിദ്യയിലാണ് അദ്ദേഹം കെട്ടിടങ്ങൾ നിർമ്മിച്ചത്. പതിനാറാം നൂറ്റാണ്ടു വരെ യൂറോപ്പിന് അന്യമായിരുന്നു ഈ ആശയം. നൂറ്റാണ്ടുകൾക്കു മുമ്പ് സിനാൻ നിർമ്മിച്ച പള്ളികളുടെ മിനാരങ്ങളും താഴികക്കുടങ്ങളും മങ്ങാത്ത പ്രൗഢിയോടെ ഇന്നും നിലനിൽക്കുന്നു.



# അവരുടെ ദാഹവും ശമിക്കട്ടെ

പോലീസ് ഇൻസ്പെക്ടറായ അനുജനെ കാണാൻ ഒരു വേനൽക്കാലത്ത് വിദൂരത്തുള്ള പട്ടണത്തിലെത്തിയതായിരുന്നു റശീദ്. പട്ടണത്തിലൂടെ നടക്കുന്നതിനിടയിലാണ് ഒരിടവഴിയിൽ, മരത്തണലിൽ ഒരു വൃദ്ധൻ അവശനായി കിടക്കുന്നതു കണ്ടത്. കണ്ടാൽ എൺപതു വയസ്സു തോന്നിക്കും. റശീദിനെ കണ്ടപാടെ വൃദ്ധൻ വെള്ളം ചോദിച്ചു. റശീദ് അടുത്തുള്ള ഒരു വീട്ടിൽ ചെന്ന് അല്പം വെള്ളമുണ്ടോ എന്നന്വേഷിച്ചു. ഒരു യുവതി മൊന്തയിൽ വെള്ളം കൊണ്ടുവന്ന് റശീദിന് കൊടുത്തു.

വൃദ്ധൻ വെള്ളം കുടിച്ച് അല്ലാഹുവിനെ സ്തുതിച്ചു. പിന്നെ, പതുക്കെ എണീറ്റ് മൊന്തയിലെ പാതി വെള്ളം വഴിയരികിൽ വാടിത്തളർന്നു നിൽക്കുന്ന തൈമാവിന്റെ ചുവട്ടിൽ ബിസ്മി ചൊല്ലി ഒഴിച്ചു. താനൊരു ഫഖീറാണെന്നും ഉറ്റവരായി ആരുമില്ലെന്നും താൻ മരിക്കാൻ പോവുകയാണെന്നും പറഞ്ഞ് ആ വൃദ്ധൻ കണ്ണടച്ചു. റശീദ് അന്ത്യകർമ്മങ്ങൾ ചെയ്ത് ആ വൃദ്ധനെ ഖബറടക്കി.

കാലങ്ങൾ കഴിഞ്ഞപ്പോൾ റശീദും മൊന്തയിൽ


**BALA KUSUMAM**
CHILDRENS MONTHLY

Samastha Centre
Jafarkhan Colony
Calicut - 673006
Ph : 0495 2772 846, 47
kusumammasika@gmail.com

- പബ്ലിഷർ
  പി. കുഞ്ഞഹമ്മദ്
- ചീഫ് എഡിറ്റർ
  സി.പി ശഫീഖ് ബുഖാരി
- എഡിറ്റർ
  ഇ.എം സുഫ്‌യാൻ ബുഖാരി
- ജനറൽ മാനേജർ
  കെ. ഉമർ മദനി
- സർക്കുലേഷൻ
  ശരീഫ് സഖാഫി എടയൂർ
- ഇല്ലസ്ട്രേഷൻസ്
  ശ്യാംദാസ്, ഷാജി എസ്.എം
- ഡിസൈൻ ലേ-ഔട്ട്
  അൻവർ സ്വാദിഖ് ബുഖാരി

വെള്ളം നൽകിയ അസ്മാ എന്ന പേരുള്ള യുവതിയും തമ്മിൽ വിവാഹിതരായി. അവർ പുതിയ വീടു വെച്ചപ്പോൾ ആ വൃദ്ധൻ വെള്ളമൊഴിച്ചു കൊടുത്ത തൈമാവ് വേരു പൊട്ടിക്കാതെ വീടിന്റെ മുറ്റത്തേക്ക് മാറ്റിനട്ടു. അസ്മാ എല്ലാ ദിവസവും മാവിന് വെള്ളമൊഴിച്ചു കൊടുത്തു. വളമിട്ടു കൊടുത്തു. മാവ് വളർന്നു. മധുരമുള്ള മാമ്പഴങ്ങൾ നിറഞ്ഞു.



വൈക്കം മുഹമ്മദ് ബഷീറിന്റെ തേന്മാവ് എന്ന കഥയിലെ കഥാപാത്രങ്ങളാണ് റശീദും അസ്മായും. തേൻമാവിന്റെ ചോട്ടിലിരുന്ന് റശീ

ദ് തന്നെയാണ് ഈ കഥ ബഷീറിനോട് പറഞ്ഞത്. യാത്രപറഞ്ഞു പോകുമ്പോൾ റശീദിന്റെ മകൻ നാലു മാമ്പഴങ്ങൾ ഒരു കടലാസിൽ പൊതിഞ്ഞ് ബഷീറിന് നൽകി. പേരെന്താണെന്ന് ചോദിച്ചപ്പോൾ യൂസഫ് സിദ്ദീഖ് എന്ന് അവൻ ബഷീറിന് മറുപടി നൽകി. മരിക്കുന്നതിനുമുമ്പ് തൈമാവിന് വെള്ളമൊഴിച്ചു കൊടുത്ത ആ വൃദ്ധന്റെ പേരും യൂസഫ് സിദ്ദീഖ് എന്നായിരുന്നല്ലോ!

കത്തുന്ന വേനലിൽ മധുരമൂറുന്ന വിഭവങ്ങളാണ് അല്ലാഹു പ്രകൃതിയിൽ സംവിധാനിച്ചിരിക്കുന്നത്. മാമ്പഴം, ചക്കപ്പഴം, കശുമാങ്ങ... ഇങ്ങനെ അനേകം ഫലങ്ങൾ! മനുഷ്യർക്കു മാത്രമല്ല; പക്ഷികൾക്കും മൃഗങ്ങൾക്കും ഭൂമിയുടെ അവകാശികൾക്കെല്ലാം ഈ ഫലങ്ങൾ വലിയ ആശ്വാസമാണല്ലോ!

പൊള്ളുന്ന വേനൽക്കാലത്ത് മരങ്ങൾക്ക് വെള്ളമൊഴിച്ചു കൊടുക്കാം. പക്ഷികൾക്കും മുറ്റത്തും തൊടിയിലും കാണുന്ന ചെറുജീവികൾക്കും തണ്ണീർകുടങ്ങൾ ഒരുക്കാം. അവരുടെയും വശപ്പു മാറട്ടെ, ദാഹം ശമിക്കട്ടെ! ❖

# ഒറ്റശ്വാസത്തിൽ പാടാമോ?



**ച**ടപടയിടിയുടെ
പൊടിപൂരം കേട്ടാന
വിരണ്ടൊരു മതിലു
മറിച്ചിട്ടോടി നടന്നൊരു
കാറു മറിച്ചിട്ടോടി
പ്പോയവനൊരു കുളമെത്തി
ജലത്തിൽ മുങ്ങി
നിവർന്നു രസിച്ചു
മദിച്ചു നടന്നു!

മടവൂർ രാധാകൃഷ്ണൻ



സഫർ
കുട്ടികൾ റോഡ്സൈഡിൽ കളിക്കുകയായിരുന്നു. അപ്പോൾ ഒരു സ്കൂട്ടറിൽ രണ്ടുപേർ
ഹായ് ഫ്രണ്ട്സ്, ഒന്നിങ്ങോട്ടു വന്നേ.
ചങ്കുകളേ, എന്നെ അറിയില്ലേ? നിങ്ങളുടെ ക്ലാസ്സിലെ ഹൈസമിന്റെ മാമനാ ഞാൻ.
ഹൈസമിന്റെ മാമനോ?
ഓ മോനേ, ഇങ്ങുവാ.
ഞങ്ങളുടെ പുതിയ ഷോപ്പിന്റെ ഉദ്ഘാടനമാ ഇന്ന്. ചങ്കുകൾക്കുള്ള സമ്മാനമാ കേട്ടോ.



എടോ, നാവിൽ എന്തോ ഒരു തരി തരിപ്പ് ല്ലേ?
ഓ, എനിക്കുണ്ട്.
എന്തോ ഒരു ചവർപ്പു പോലെ.
ഇത് കണ്ടുകൊണ്ട് സഫർ അതുവഴി വന്നു.
മക്കളേ, ആ സ്കൂട്ടറിൽ വ ന്നവരെന്താ നിങ്ങൾക്കു തന്നത്?
ദാ, മിഠായി തന്നു. അവരെ ഷോപ്പിന്റെ ഉദ് ഘാടനാത്രെ!
നിങ്ങളാ മിഠായി വായിലിട്ടോ?
ഇട്ടു. ആദ്യം ഒരു തരിതരിപ്പ്, ചവർപ്പ്.. പിന്നെ നല്ല സുഖാട്ടോ...
ന്റെ റബ്ബേ! അതുതന്നെ... കഷ്ടം!


അപ്പോൾ അതുവഴി വന്ന മറ്റൊരാൾ
എന്താ സഫറേ കാര്യം?
രണ്ടു ദ്രോഹികൾ ഈ കുട്ടികൾക്ക് മയക്കുമരുന്നു ചേർത്ത മിഠായി നൽകിയിരിക്കുന്നു.
നേരോ, എന്നിട്ടവരെവിടെപ്പോയി?
ദാ... അങ്ങോട്ടാണു പോയത്.
കുട്ടികളേ, നിങ്ങളെ നശിപ്പിക്കാൻ ഇറങ്ങിയതാണവർ.
ഇന്നവർ കുറച്ചു മരുന്നു ചേർത്ത മിഠായിയാണ് നിങ്ങൾക്കു തന്നത്.
നാളെ ഇതിലും കൂടുതൽ വിഷം ചേർത്ത മിഠായിയുമായി അവർ വരും.
അങ്ങനെ നിങ്ങളെ അവർ മയക്കുമരുന്നിന്റെ അടിമകളാക്കി നശിപ്പിക്കും.
പേടിക്കേണ്ട. ഇനി സൂക്ഷിച്ചാൽ മതി. ഇങ്ങനെ പരിചയമില്ലാത്ത ആര് എന്തു തന്നാലും ഇനി വാങ്ങരുത് കേട്ടോ. 'സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട' എന്നു നിങ്ങൾ കേട്ടിട്ടില്ലേ?

ശാക്കിർ തോട്ടിക്കൽ



# ഭൂമി പറഞ്ഞ കഥ

ഏപ്രിൽ 22:
ലോക ഭൗമദിനം

കൂട്ടുകാരേ, ഞാൻ നിങ്ങളുടെ സ്വന്തം ഭൂമി. സൗരയൂഥത്തിൽ ജീവൻ നിലനിൽക്കുന്ന ഒരേയൊരു ഗ്രഹം. സൂര്യനിൽ നിന്ന് ശരാശരി 149.6 മില്യൺ കിലോമീറ്റർ അകലെയാണ് ഞാനുള്ളത്. സെക്കന്റിൽ മൂന്നു ലക്ഷം കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കുന്ന പ്രകാശം സൂര്യനിൽ നിന്ന് എന്നെ തൊടാൻ 8 മിനിട്ട് 20 സെക്കൻഡ് സമയമെടുക്കും. സൂര്യനെ ചുറ്റാൻ എനിക്ക് 365.25 ദിവസം വേണം. സ്വന്തം അച്ചുതണ്ടിൽ ഒരു തവണ കറങ്ങാൻ വേണ്ടത് 23 മണിക്കൂർ, 56 മിനിട്ട്, 4 സെക്കന്റ് സമയമാണ്. എന്റെ പ്രായം എത്രയാണെന്നറിയാമോ? ഏകദേശം നാലര മില്യൺ വർഷം!

## അന്തരീക്ഷം

നൂറുകണക്കിന് കിലോമീറ്റർ മുകളിലേക്ക് വ്യാപിച്ചു കിടക്കുന്ന എന്റെ അന്തരീക്ഷത്തിന് എക്സോസ്ഫിയർ, തെർമോസ്ഫിയർ, അയണോസ്ഫിയർ, മിസോസ്ഫിയർ, ഓസോൺ, സ്ട്രാറ്റോസ്ഫിയർ, ട്രോപ്പോസ്ഫിയർ എന്നിങ്ങനെ പല പാളികളുണ്ട്. എന്റെ അന്തരീക്ഷത്തിൽ ഏറ്റവും കൂടുതലുള്ള വാതകം നൈട്രജനാണ്. ഏകദേശം

78.1 ശതമാനം. 20.9 ശതമാനം ഓക്സിജനും 0.035 ശതമാനം കാർബൺ ഡയോക്സൈഡു മുണ്ട്. പുറംഭാഗം(Outer Crust), മേൽഭാഗം(Mantle), മേൽകാമ്പ്(Outer Core), അകക്കാമ്പ്(Inner Core) എന്നിങ്ങനെ എനിക്ക് അകത്തുമുണ്ട് 4 പാളികൾ.

## ഭൂമിയും മേഘങ്ങളും

കൂട്ടുകാർ ആകാശത്തിലൂടെ ഒഴുകി നീങ്ങുന്ന മേഘങ്ങൾ കണ്ടിട്ടില്ലേ? നേർത്ത ജലകണികകളാണവ. സൂര്യന്റെ താപമേൽക്കുമ്പോൾ എന്റെ ജലസ്രോതസ്സുകളിലുള്ള ജലം നീരാവിയായി മേൽപ്പോട്ടുയരുകയും അവ മേഘങ്ങളായി മാറുകയും ചെയ്യുന്നു. എന്റെ അന്തരീക്ഷത്തിലെ ഏറ്റവും താഴെയുള്ള ട്രോപ്പോസ്ഫിയറിലാണ് മേഘങ്ങളുണ്ടാവുക. പല തട്ടുകളിലായാണ് അവ നിലകൊള്ളുന്നത്.

## ഭൂമിയും ജലവും

എനിക്ക് ജലഗ്രഹമെന്ന ഓമനപ്പേരുകൂടിയുണ്ട് കേട്ടോ. ബഹിരാകാശത്തു നിന്ന് വീക്ഷിക്കുന്നവർക്ക് ഞാൻ ഒരു നീലഗോളമാണെന്നു തോന്നാൻ കാരണം ഈ ജലസാന്നിധ്യമാണ്. ചിലർ എന്നെ നീലഗ്രഹം എന്നും വിളിക്കാറുണ്ട്. എന്റെ മൂന്നിൽ രണ്ടു ഭാഗവും ജലമാണ്. 130 കോടി ഘനകിലോമീറ്റർ വരുമിത്. ഇതിൽ 3.6 കോടി ഘനകിലോമീറ്റർ മാത്രമാണ് ശുദ്ധജലം. ആകെയുള്ളതിന്റെ വെറും മൂ



ന്ന് ശതമാനം! ഹിമജലവും ഈ കണക്കിൽ ഉൾപ്പെടുന്നതിനാൽ ജീവജാലങ്ങൾക്ക് ഉപയോഗിക്കാനാവുന്ന ശുദ്ധജലം ആകെ ജലത്തിന്റെ ഒരു ശതമാനം പോലുമില്ല!

**കാന്തിക മണ്ഡലം**

വ്യക്തമായ കാന്തികമണ്ഡലമുള്ള ഗ്രഹമാണ് ഞാൻ. സൗരയൂഥത്തിൽ മറ്റൊരു ഗ്രഹത്തിനും ഇത്ര നല്ല കാന്തികബലമുണ്ടോ എന്നത് സംശയമാണ്.

**മഴ**

ഗ്രഹങ്ങളിൽ മറ്റാർക്കുമില്ലാത്ത ഒരു പ്രത്യേകത കൂടിയുണ്ടെനിക്ക്. എന്താണെന്നോ? മഴ തന്നെ. മറ്റു ഗ്രങ്ങളിലൊന്നും മഴപെയ്യുന്നുണ്ടെന്ന് ഇതുവരെ തെളിയിക്കപ്പെട്ടിട്ടില്ല. ന്യൂനമർദ്ദ മഴ(Cyclonic Rain), ഫ്രണ്ടൽ റെയ്ൻ(Frontel Rain), നോൺ ഫ്രണ്ടൽ റെയ്ൻ(Non Frontal Rain), സംവഹന മഴ (Convective Rain) എന്നിങ്ങനെ പല തരം മഴകളുണ്ട്.

## വിജയം നേടാം

**ഉ**ണരുക ഉണരുക സോദരരേ
അലസത വെടിയുക സ്നേഹിതരേ
ഊർജ്ജ്വസ്വലരായ് കർമപഥത്തിൽ
തിളങ്ങിനിൽക്കാം എന്നെന്നും.

ഉണരുക ഉണരുക സോദരരേ
ഉന്നതരാകാം സ്നേഹിതരേ,
അറിവിൻ മുത്തുകൾ വാരിക്കൂട്ടാം
ഉജ്ജ്വല വിജയം നേടാനായ്.

**പി.വി.എസ് പടിക്കൽ**

## കോവിഡും റാക്കൂൺ നായകളും

**2019** ൽ ചൈനയിലെ വുഹാനിൽ പൊട്ടിപ്പുറപ്പെട്ട് ലോകമെമ്പാടും പടർന്നുപിടിച്ച



കോവിഡ്-19 ന്റെ ഉറവിടത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ ഇന്നും തുടരുകയാണ്. രോഗബാധയുടെ ഉറവിടം റാക്കൂൺ നായകളായിരിക്കാമെന്ന നിഗമനം ഉന്നയിച്ചിരിക്കുകയാണ് ഒരു കൂട്ടം ഗവേഷകർ. ഇതിനെ സാധൂകരിക്കുന്ന ഒരു ഡസനോളം പഠനങ്ങൾ നടന്നുകഴിഞ്ഞു. ഓസ്ട്രേലിയയിലെ യൂണിവേഴ്സിറ്റി ഓഫ് സിഡ്നിയിലെ വൈറോളജിസ്റ്റായ എഡ്വേർഡ് ഹോംസ് 2020 കളിൽത്തന്നെ റാക്കൂൺനായകളെയും കോവിഡിനെയും ബന്ധിപ്പിച്ച് പഠനങ്ങൾ നടത്തിയിരുന്നു. നായയും കുറുക്കനുമെല്ലാം ഉൾപ്പെട്ട കാനിഡെ കുടുംബത്തിൽപ്പെട്ട ജീവിയാണ് റാക്കൂൺ നായകൾ.

## പെൻഗ്വിനുകളുടെ ബ്രേക്കപ്പ്

ജീവിതകാലം മുഴുവൻ ഒറ്റ പങ്കാളിക്കൊപ്പം കഴിയുന്ന ജീവികളാണ് പെൻഗ്വിനുകൾ. എന്നാൽ ഈയിടെയായി പെൻഗ്വിനുകൾക്കിടയിൽ വിവാഹമോചനങ്ങൾ കൂടിവരുന്നതായാണ് വാർത്തകൾ. ഓസ്ട്രേലിയയിലെ ഫിലിപ്പ് ദ്വീപിലുള്ള ലിറ്റിൽബ്ലൂ പെൻഗ്വിനുകൾക്കിടയിലാണ് ഇത്തരം ബ്രേക്കപ്പുകളിലധികവും നടക്കുന്നത്. കാലാവസ്ഥാവ്യതിയാനം, തീറ്റതേടാനുള്ള കഴിവ് തുടങ്ങിയ കാരണങ്ങൾക്കുപുറമെ കൂടുതൽ സന്തതികളെ ഉത്പാദിപ്പിക്കാൻ പങ്കാളികൾക്ക് കഴിയാതെവരുന്നതാണ് ഇതിനുപിന്നിലെ പ്രധാന കാരണമെന്ന് ഗവേഷണങ്ങൾ വ്യക്തമാക്കുന്നത്.

ഉവൈസ് വീരമംഗലം

# കുഞ്ഞിക്കിളിയും പൂച്ചക്കുട്ടിയും

വീടിനടുത്തുള്ള ഒരു പൂന്തോപ്പിലിരിക്കുകയായിരുന്നു മുഹമ്മദുബ്നു മൂസൽ വാസിതി(റ). അപ്പോൾ ഒരു കുഞ്ഞുപക്ഷി മുന്നിലെത്തി. അദ്ദേഹം അതിനെ പിടിച്ചു. ഉടൻ മറ്റൊരു പക്ഷി അദ്ദേഹത്തിന്റെ തലയ്ക്കു മീതെ വട്ടമിട്ടു പറക്കാൻ തുടങ്ങി. അത് കയ്യിലിരിക്കുന്ന പക്ഷിയുടെ അമ്മയോ ഇണയോ ആണെന്നു മനസ്സിലാക്കിയ വാസിതി(റ) തന്റെ പിടി മുറുക്കി. അപ്പോഴേക്കും അത് ചത്തുപോയി. മുഹമ്മദുബ്നു മൂസൽവാസിതി(റ)വിന് വല്ലാത്ത വിഷമമായി.

അങ്ങനെ കഴിയവെ അദ്ദേഹത്തിന് ഒരു രോഗം പിടിപെട്ടു. എണീറ്റുനിൽക്കാൻ കഴിയാതെ തളർന്നു. ഒരു ദിവസം അദ്ദേഹം മുത്തുനബി(സ)യെ സ്വപ്നത്തിൽ കണ്ടു. നബി(സ)യോടദ്ദേഹം രോഗത്തിന്റെ കാര്യം പറഞ്ഞു. എണീറ്റുനിന്ന് നിസ്കരിക്കാൻ പോലും കഴിയാത്തതിലെ വിഷമമറിയിച്ചു. അപ്പോൾ തിരുനബി(സ) പറഞ്ഞു: ‘അന്ന് ആ പക്ഷിയെ കൊന്നുകളഞ്ഞില്ലേ, അതാണീ രോഗത്തിനു കാ

രണം. ആ പക്ഷി റബ്ബിനോട് പരാതിപ്പെട്ടിട്ടുണ്ടാവും. മറ്റൊരു ജീവിയെ രക്ഷിക്കലാണിനിയതിനു പരിഹാരം.'

നാളുകൾ പലതും കഴിഞ്ഞുപോയി. മുഹമ്മദുബ്നു മൂസൽവാസിതി(റ)യുടെ രോഗം ഭേദമായില്ല. അന്നൊരിക്കൽ അദ്ദേഹത്തിന്റെ വീട്ടിലുണ്ടായിരുന്ന പൂച്ച പ്രസവിച്ചു. പൂച്ച പുറത്തെവിടെയോ പോയ തക്കം നോക്കി കുഞ്ഞുങ്ങളെ പിടിക്കാൻ ഒരു പാമ്പ് വന്നു. പൂച്ചക്കുട്ടിയെ പാമ്പ് കടിച്ചുകൊണ്ടുപോകാനൊരുങ്ങിയപ്പോൾ വാസിതി(റ) ഒരു വടിയെടുത്ത് പാമ്പിനെ അടിച്ചു. പാമ്പ് ഉടനെ സ്ഥലം വിട്ടു.

വൈകാതെ അദ്ദേഹത്തിന്റെ രോഗം ഭേദമായി. പിന്നീടൊരിക്കൽ തിരുനബി(സ)യെ സ്വപ്നത്തിൽ കണ്ടപ്പോൾ ഉണ്ടായ സംഭവങ്ങൾ അദ്ദേഹം വിവരിച്ചു. അന്നു തിരുനബി(സ) പറഞ്ഞു: ആ പൂച്ചക്കുട്ടി റബ്ബിനോട് നന്ദി കാണിച്ചതാണ് രോഗം മാറാൻ കാരണം.

## ചിരവ

**വാ**യില്ലേലും നാക്കുണ്ട്
നാക്കിൻതുമ്പിൽ പല്ലുണ്ട്
വേഗം തേങ്ങ തിരുമ്മിയിടും
മൂലയിൽ ചാരിയുറങ്ങീടും



ആനപ്പുഴയ്ക്കൽ അനിൽ

# പുസ്തകങ്ങളുമായി കൂട്ടുകൂടാം

ഹാരിസും റിയാസും അജ്മലുമൊക്കെ കളിക്കാൻ നേരത്തെയെത്താമെന്നു പറഞ്ഞിട്ടുണ്ട്. കുഞ്ഞുമോൻ വേഗം ചോറു തിന്ന് ഒരുങ്ങി നിൽക്കുകയാണ്; റോഡിൽ നിന്ന് കൂട്ടുകാരുടെ കൂക്കു കേൾക്കാൻ!

ഹോ! എന്തൊരു വെയിലാണ്. തീ കത്തിച്ചു വെച്ചതു പോലെയുണ്ട് ചൂട്. ഈ ചൂടിൽ പുറത്തേക്കിറങ്ങാൻ മടിയുണ്ട്. എന്നാലും കളിയല്ലേ! കളിക്കാനിറങ്ങുമ്പോൾ വെയിലിന്റെ ചൂടൊന്നു കുറയുമല്ലോ.

അങ്ങനെ കാത്തിരിക്കുമ്പോഴാണ് മാമന്റെ വണ്ടി മുറ്റത്തേക്കു കയറിവന്നത്.

'ങേ...? മാമനോ, ഈ നട്ടുച്ചയ്ക്ക്! ഇന്നത്തെ കളി കുളമായതു തന്നെ!'

മാമൻ വരുന്നത് വലിയ സന്തോഷമാണെങ്കിലും ഇപ്പോൾ വന്നത് കുഞ്ഞുമോന് ഒട്ടും ഇഷ്ടമായില്ല. മാമൻ ഇവിടെയുള്ളപ്പോൾ ഞാൻ കളിക്കാൻ പോകാണെന്ന് പറഞ്ഞ് ഇറങ്ങിപ്പോകുന്നത് മര്യാദയല്ലല്ലോ.

മാമൻ വണ്ടിയിൽ നിന്നിറങ്ങി ഒരു കിറ്റും തൂക്കിപിടിച്ചു വരുന്നതു കണ്ടപ്പോൾ കുഞ്ഞുമോന് സന്തോഷം. കിറ്റിൽ തിന്നാൻ പറ്റുന്ന വല്ലതുമുണ്ടാകും; പലഹാരമോ ചോക്ലേറ്റോ മറ്റോ. കുഞ്ഞ്യോൾക്കും കുഞ്ഞ്യോനും ഇഷ്ടമുള്ളതേ മാമൻ കൊണ്ടുവരാറുള്ളൂ.

സലാം പറഞ്ഞു കൈ പിടിച്ച് മാമൻ നീട്ടിയ കിറ്റ്

വാങ്ങിയപ്പോൾ നല്ല കനം! പലഹാരത്തിന് ഇത്രയും കനമുണ്ടാവില്ലല്ലോ. സംശയത്തോടെ കുഞ്ഞുമോൻ മാമന്റെ മുഖത്തേക്കു നോക്കി.

'എന്താ നോക്കണത്? കുഞ്ഞ്യോന് ഇഷ്ടപ്പെട്ടതൊക്കെ അതിലുണ്ട്.' മാമൻ ചിരിച്ചുകൊണ്ടു പറഞ്ഞപ്പോൾ കുഞ്ഞുമോൻ നാണത്തോടെ തലകുനിച്ചു കവറിലേക്കു നോക്കി പറഞ്ഞു: 'ഇതിനു നല്ല കനമുണ്ടല്ലോ.'

'തുറന്നു നോക്കിയേ അതിൽ എന്താണുള്ളതെന്ന്.'

മാമൻ പറഞ്ഞപ്പോൾ കുഞ്ഞുമോൻ കിറ്റ് മേശപ്പുറത്തു വെച്ച് തുറക്കാൻ തുടങ്ങി. സാധാരണ ഉമ്മയാണ് പൊതികളൊക്കെ



തുറന്നു തരാറുള്ളത്. ഇന്ന് മാമൻ പറഞ്ഞതുകൊണ്ട് തനിക്കു തന്നെ തുറക്കാമല്ലോ.

കിറ്റ് തുറന്നു കുഞ്ഞുമോൻ നാലഞ്ചു പുസ്തകങ്ങൾ പുറത്തെടുത്തു. നല്ല ചിത്രക്കവറുകളുള്ള പുസ്തകങ്ങൾ; പിന്നെ വലിയൊരു പലഹാരപ്പൊതിയും.

പുസ്തകങ്ങൾ കൈയ്യിലെടുത്ത് മാമൻ പറഞ്ഞു: 'കുഞ്ഞേ്യാനേ, ഇത് നിനക്കും കുഞ്ഞേ്യാൾക്കും മനസ്സിനുള്ള ഭക്ഷണമാണ്; ആ പൊതി വയറിനുള്ള ഭക്ഷണവും.'

മാമൻ പറഞ്ഞതിന്റെ പൊരുൾ ശരിക്കും മനസ്സിലായില്ലെങ്കിലും കുഞ്ഞുമോൻ ചിരിച്ചു. അപ്പോഴേക്കും ഉമ്മയും കുഞ്ഞേ്യാളും അവിടെയെത്തി.

'അല്ലാ, ഇവിടെന്താ പരിപാടി? മാമനെപ്പോ



ഴാ വന്നത് കുഞ്ഞ്യോനേ? ഞങ്ങളറിഞ്ഞില്ലല്ലോ.'

'ഇപ്പോൾ വന്നു കയറിയതേയുള്ളൂ. കുഞ്ഞ്യോനെ വരാന്തയിൽ തന്നെ കണ്ടതുകൊണ്ട് കോളിംഗ് ബെൽ അടിച്ചില്ല. അതുകൊണ്ടാ നിങ്ങൾ അറിയാതിരുന്നത്.'

'ഇന്നു പുസ്തകങ്ങളാണോ കൊണ്ടോന്നത്?' ഉമ്മ മേശപ്പുറത്തേക്കു നോക്കി ചോദിച്ചു. അപ്പോഴേക്കും കുഞ്ഞ്യോൾ മാമന്റെ കയ്യിൽ തൂങ്ങി ചോദിക്കുന്നുണ്ടായിരുന്നു; 'മാമൻ മിട്ടായി കൊണ്ടുവാന്നിട്ടില്ലേ?'

അതിനിടയിലാണ് റോഡിൽ നിന്നു കൂക്കു കേട്ടത്; മൂന്ന് കൂക്കുകൾ. ഹാരിസും റിയാസും അജ്മലുമാണ്. അതുകേട്ടതോടെ കുഞ്ഞുമോൻ വല്ലാതായി. എന്തുചെയ്യും, കളിക്കാൻ പോകണമല്ലോ; മാമനെ വിട്ടുപോകാനും വയ്യ.

കുഞ്ഞുമോന്റെ ആ നിൽപ്പു കണ്ട് മാമൻ ചോദിച്ചു: 'എന്താ, കൂട്ടുകാര് വിളിക്യാണോ?'

'ങാ, കളിക്കാൻ പോകാമെന്ന് പറഞ്ഞിരുന്ന്.'

'ഈ പൊരിവെയിലത്തോ? മോനവരെ ഇങ്ങോട്ടു വിളിക്ക്. നമ്മൾക്കിത്തിരി നേരം വർത്തമാനം പറഞ്ഞിരിക്കാം. വെയിലൊന്നാറിയിട്ട് നിങ്ങൾക്ക് കളിക്കാനും പോകാം. എന്താ?'

കുഞ്ഞുമോന് ആശ്വാസമായി. അവൻ കൂട്ടുകാരെ വിളിക്കാനായി റോഡിലേക്കോടി.

'ങ്ആ, പരിചയമുള്ള കൂട്ടുകാരാണല്ലോ, വന്നാട്ടെ, നമ്മൾക്കിത്തിരി നേരം കഥ പറഞ്ഞിരിക്കാം. എന്താ?'

മാമൻ ചിരിച്ചുകൊണ്ട വരെ ക്ഷണിച്ചു.

എവിടെ വെച്ചാണു കളി? എന്തു കളിയാ? എത്ര നേരം കളിക്കും?

മാമൻ അവരോട് വർത്തമാനങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. അതിനിടെ കുഞ്ഞുമോന്റെ ഉമ്മ ഒരു പ്ലേറ്റിൽ നെയ്‌വടയുമായി വന്നു. മാമൻ കൊണ്ടുവന്നതാണ്. കുഞ്ഞ്യോനും കുഞ്ഞ്യോൾക്കും ഇഷ്ടപ്പെട്ട പലഹാരം.

വർത്തമാനത്തിനിടെ മാമൻ ചോദിച്ചു: 'കൂട്ടുകാർ പുസ്തകങ്ങൾ വായിക്കാറുണ്ടോ?'

'പാഠപുസ്തകങ്ങൾ വായിക്കാറുണ്ട്.' അജ്മൽ പറഞ്ഞു.

'അതല്ല, മറ്റു പുസ്തക

ങ്ങൾ.... കഥയും ചരിത്രവും മറ്റും...?'

കൂട്ടുകാർ മുഖത്തോടു മുഖം നോക്കുമ്പോൾ മാമൻ തുടർന്നു: 'മക്കളേ, പാഠപുസ്തകത്തിനു പുറമെ മറ്റു പുസ്തകങ്ങളും ധാരാളം വായിക്കണം. എന്നാലേ നമ്മുടെ അറിവ് വികസിക്കുകയുള്ളൂ. ഇന്നത്തെ ദിവസത്തിന്റെ പ്രാധാന്യമറിയാമോ കൂട്ടുകാർക്ക്?'

'ഇന്നലെ - ഏപ്രിൽ ഒന്ന് വിഡ്ഢികളുടെ ദിനമായിരുന്നു.' റിയാസ് പറഞ്ഞു.

'ഇന്നോ?' മാമൻ ചോദിച്ചപ്പോൾ കുഞ്ഞുമോൻ വെറുതെ പറഞ്ഞു: 'എന്നാലിന്ന് ബുദ്ധിമാന്മാരുടെ ദിനമായിരിക്കും!'

'കുഞ്ഞ്യോൻ പറഞ്ഞത് ഒരർത്ഥത്തിൽ ശരിയാണ്. ഇന്ന് ലോക ബാലപുസ്തക ദിനമാണ്. പുസ്തകങ്ങൾ വായിച്ചാലാണല്ലോ ബുദ്ധി വികസിക്കുക. ഈ മാസത്തിൽ പുസ്തക സംബന്ധിയായി മറ്റൊരു ദിനം കൂടിയുണ്ട്. അതേതാണെന്നറിയാമോ?'

'അത്... അത്... ലോക പുസ്തക ദിനമല്ലേ?' കുഞ്ഞുമോൻ ചോദിച്ചു.

'കറക്റ്റ്! എന്നാണാ ദിനം?'

'അതോർമ്മയില്ല.'

'ഏപ്രിൽ 23 ലോക പുസ്തകദിനമാണ്. എന്തിനാണീ ദിനങ്ങൾ ആചരിക്കുന്നതെന്നറിയില്ലേ?'

'പുസ്തകങ്ങളെക്കുറിച്ച് ഓർമിപ്പിക്കാനായിരിക്കും.'

'അതേ, ഓർമ്മിപ്പിക്കാനും വായന പ്രോത്സാഹിപ്പിക്കാനും. ഈ രണ്ടുമാസം കൂട്ടുകാർക്ക് ഒഴിവുകാലമാണല്ലോ. കുറച്ചു സമയം വായിക്കാൻ നീക്കി വെച്ചാലെന്താ?'

'അതിനു പുസ്തകം കിട്ടണ്ടേ ഇക്കാ.'

'പുസ്തകം കിട്ടാനാണോ പ്രയാസം? ഇതാ നോക്ക്... ഈ പുസ്തകങ്ങൾ ബാലപുസ്തകദിനത്തിൽ കുഞ്ഞ്യോൾക്കും കുഞ്ഞ്യോനും സമ്മാനമായി ഞാൻ കൊണ്ടുവന്നതാണ്. ഇത് നിങ്ങൾക്കും കൈമാറി വായിക്കാം. നല്ല രസകരമായ ചരിത്രകഥകളാണ്. പിന്നെ... ഇവിടെ ഒരു ലൈബ്രറിയുണ്ടല്ലോ.'

'ങ്ാ, എനിക്കറിയാം, ദേശീയ വായനശാല. എന്റെ ഇക്ക അവിടെനിന്ന് പുസ്തകങ്ങൾ കൊണ്ടുവരാറുണ്ട്.'

## പതിനാലായിരം കടന്ന് കോഹ്ലി

**രാ**ജ്യാന്തര ഏകദിന ക്രിക്കറ്റിൽ 14,000 റൺസ് തികയ്ക്കുന്ന മൂന്നാമത്തെ ബാറ്റർ എന്ന ബഹുമതി വിരാട് കോഹ്ലി സ്വന്തമാക്കി. ചാംപ്യൻസ് ട്രോഫിയിൽ പാക്കിസ്ഥാനെതിരായ മത്സരത്തിലാണ് കോഹ്ലി ഈ റെക്കോർഡിലെത്തിയത്. സച്ചിൻ തെൻഡുൽക്കർ(18426), ശ്രീലങ്കയുടെ കുമാർ സംഗക്കാര(14234) എന്നിവരാണ് റൺവേട്ടയിൽ മുന്നിൽ. ഏറ്റവും കുറവ് ഇന്നിങ്സുകളിൽ (287) നിന്ന് 14,000 തികയ്ക്കുന്ന താരമെന്ന റെക്കോർഡും കോഹ്ലിക്കാണ്.




'എന്നിട്ടാണോ? വേണമെങ്കിൽ വായിക്കാൻ പുസ്തകം ധാരാളം കിട്ടും. വായിക്കാൻ മനസ്സു വേണമെന്നേയുള്ളൂ. ഉപ്പമാരോടും ഇക്കമാരോടുമൊക്കെ നല്ല പുസ്തകങ്ങൾ കൊണ്ടുവന്നു തരാൻ പറയൂ. വായനശീലിച്ചാൽ നല്ല രസമാണ്. അപ്പോൾ നിങ്ങളുടെ അറിവ് കൂടും. സമയം നഷ്ടമാവില്ല. വെയിലാറുന്നതുവരെ വീട്ടിലിരുന്നു വായിക്കാം. പിന്നെ കളിക്കാനിറങ്ങാം. എന്താ....? ഈ ഒഴിവുകാലം കഴിയുമ്പോഴേക്കും 10 പുസ്തകമെങ്കിലും വായിച്ചുതീർക്കണം. പറ്റില്ലേ...?'

'നോക്കാം ഇക്കാ.'

'നോക്കിയാൽ പോരാ, വായിക്കണം. വായിച്ച പുസ്തകങ്ങളുടെ പേരും എഴുതിയ ആളുടെ പേരും പുസ്തകത്തിലുള്ള കാര്യങ്ങളുടെ ചുരുക്കവും കുറിച്ചുവെക്കണേ. ഞാനിനി വരുമ്പോൾ കാണിച്ചാൽ നല്ല സമ്മാനം തരും.'

'ഞങ്ങൾ റെഡിയാണിക്കാ.' നെയ്‌വടയും തിന്ന് ചായയും കുടിച്ച് കുഞ്ഞുമോനും കൂട്ടുകാരും കളിക്കാനായി ഗ്രൗണ്ടിലേക്കോടി.


ഹോജ
രാജാവ് കൊട്ടാരത്തിൽ ഒരു വലിയ വിരുന്ന് സംഘടിപ്പിച്ചു
നമ്മുടെ രാ ജാവ് എത്ര ഉ ദാരൻ!
രാജാവിന് എന്തൊരു വിനയം!
എല്ലാവരും രാജാവിനെ പുകഴ്ത്തിപ്പറഞ്ഞു. ഹോജ ഒന്നും മിണ്ടിയില്ല.
ഹോജ എന്നെ ക്കുറിച്ച് ഒന്നും മിണ്ടുന്നില്ലല്ലോ.
ഈ അഹങ്കാരി യായ രാജാവിനെ പുകഴ്ത്താൻ എന്നെ കിട്ടില്ല.
എന്നെ പുകഴ് ത്താത്ത ഹോജ ക്ക് നല്ലൊരു പണി കൊടു ക്കണം.
വിരുന്നു കഴിഞ്ഞപ്പോൾ എല്ലാവർക്കും രാജാവ് സമ്മാനം നൽകി.
ഇത് നിങ്ങൾ ക്കിരിക്കട്ടെ.
നന്ദി തിരുമനസ്സേ.


ങേ! വിലപിടിപ്പുള്ള പട്ടുവസ്ത്രങ്ങൾ.
നമ്മുടെ രാജാവ് മഹാമനസ്കൻ തന്നെ.
ഹും! ഹോജ വരുന്നുണ്ട്.
ഹോജാ, ഇത് സ്വീകരിക്കൂ.
നന്ദി തിരുമനസ്സേ.
ങേ! എനിക്കുമാത്രം മുഷിഞ്ഞ ചണനൂൽ കുപ്പായം. രാജാവിനെ പുകഴ്ത്താത്തതിന്റെ ദേഷ്യമാണ്.
ഒരു പണിയുണ്ട്.
ഉടനെ ഹോജ എഴുന്നേറ്റു.
മാന്യമഹാജനങ്ങളേ, നിങ്ങൾക്കെല്ലാം രാജാവ് വില കൊടുത്തു വാങ്ങിയ പട്ടു വസ്ത്രങ്ങൾ സമ്മാനിച്ചപ്പോൾ...
എന്നോടുള്ള വിനയവും ആദരവും കാരണം എനിക്ക് രാജാവിന്റെ സ്വന്തം വസ്ത്രമാണ് നൽകിയിരിക്കുന്നത്.

# ഖലീഫമാരുടെ ഹോബികൾ

അബൂബക്കർ സഖാഫി, പന്തല്ലൂർ

മുത്തുനബി(സ)യും സ്വഹാബത്തും ഒന്നിച്ചിരിക്കുന്ന ഒരു വിജ്ഞാന സദസ്സിൽ നന്മകളോടുള്ള ആഭിമുഖ്യത്തെപ്പറ്റി ഒരു ചർച്ച നടന്നു.

മുത്തുനബി(സ) പറഞ്ഞു: 'ഐഹികലോകത്ത് എനിക്ക് കൂടുതൽ ആനന്ദം പകരുന്ന മൂന്നു കാര്യങ്ങളുണ്ട്. ഒന്ന്, സുഗന്ധം. രണ്ട്, സ്ത്രീകൾക്കുവേണ്ടി ശബ്ദിക്കൽ. മൂന്ന്, നിസ്കാരം.'

ഉടനെ അബൂബക്ർസിദ്ദീഖ്(റ) പറഞ്ഞു: 'തിരുദൂതരേ, അങ്ങ് പറഞ്ഞതെത്ര സത്യം! എന്നാൽ, ദുനിയാവിൽ എനിക്ക് കൂടുതൽ കൺകുളിർമ നൽകുന്ന മൂന്നു കാര്യങ്ങൾ പറയട്ടെ, ഒന്ന്, അങ്ങയുടെ തിരുവദനം കണ്ടുകൊണ്ടിരിക്കൽ. രണ്ട്, അങ്ങയുടെ തൃപ്തിക്കുവേണ്ടി സമ്പത്ത് ചെലവഴിക്കൽ. മൂന്ന്, അങ്ങയു

മായുള്ള കുടുംബബന്ധം നിലനിർത്തൽ.'

ഇതു കേട്ടപ്പോൾ ഉമർ(റ) എഴുന്നേറ്റ് പറഞ്ഞു: 'ദുനിയാവിൽ എനിക്ക് ഏറ്റവും ആനന്ദം നൽകുന്ന മൂന്നു കാര്യങ്ങൾ ഞാൻ പറയാം: ഒന്ന്, സുകൃതങ്ങൾ ചെയ്യാൻ കൽപ്പിക്കൽ. രണ്ട്, തിന്മകളെ പ്രതിരോധിക്കൽ. മൂന്ന്, അല്ലാഹുവിന്റെ കല്പനകൾ നടപ്പാക്കാൻ പരിശ്രമിക്കൽ.'

ഉടനെ ഉസ്മാൻ(റ) ദുനിയാവിൽ തനിക്ക് ആനന്ദകരമായ മൂന്നു കാര്യങ്ങൾ പറഞ്ഞു: 'ഒന്ന്, വിശക്കുന്നവർക്ക് ഭക്ഷണം നൽകൽ. രണ്ട്, വസ്ത്രമില്ലാത്തവർക്ക് വസ്ത്രം നൽകൽ. മൂന്ന്, ദാഹിച്ചവർക്ക് പാനജലം നൽകൽ.'

ഒടുവിൽ അലി(റ) പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഐഹിക ലോകത്ത് എനിക്കിഷ്ടപ്പെട്ട മൂന്നു കാര്യങ്ങൾ പറയട്ടെ: ഒന്ന്, ഉഷ്ണകാലത്ത് വ്രതമനുഷ്ഠിക്കൽ. രണ്ട്, അതിഥികളെ സൽക്കരിക്കൽ. മൂന്ന്, അനീതിക്കെതിരെ ധർമ്മസമരം നടത്തൽ.'



# രാജകീയ മോഷണം

വീരേന്ദ്രപുരിയിലെ രാജാവായി
രുന്നു മഹേന്ദ്രവർമ്മ. പരാതി
യുമായി കൊട്ടാരത്തിലെത്തുന്ന
വർക്ക് മുഴക്കാൻ കൊട്ടാരത്തി
നു പുറത്ത് അദ്ദേഹം വലിയൊ
രു ബെൽ നിർമ്മിച്ചിരുന്നു.













മഹാരാജാവേ, ഞങ്ങളെ രക്ഷിക്കണം.
ഞങ്ങൾക്ക് സമാധാനത്തോടെ ജീവിക്കാൻ വയ്യാതായി.
ഓഹോ!
ആ കള്ളൻ നാഗപ്പ എല്ലാം നശിപ്പിക്കും!
അയാൾ ഞങ്ങളുടെ സമ്പത്തെല്ലാം മോഷ്ടിച്ചു.
ജനങ്ങളേ, നാഗപ്പ ഇനിമുതൽ നിങ്ങളെ ഉപദ്രവിക്കില്ല.
നന്ദി, മഹാരാജാവേ.


നാഗപ്പയെ ഉടൻ ഇവിടെ ഹാജരാക്കൂ.
ഉത്തരവ് പ്രഭോ.
ഇതാ നാഗപ്പ.
ഹ! നിന്റെ ഉപദ്രവം കാരണം ജനങ്ങൾക്ക് സമാധാനത്തോടെ ജീവിക്കാൻ കഴിയുന്നില്ല.
പക്ഷേ, എനിക്ക് മോഷ്ടിക്കാതെ ജീവിക്കാനാവില്ല.
എങ്കിൽ, നിനക്ക് കഠിനശിക്ഷ ലഭിക്കും.
മോഷണം അവസാനിപ്പിക്കുകയാണെങ്കിൽ ഞാൻ നിന്നെ വെറുതെ വിടാം.
മഹാരാജാവേ, മറ്റൊരു ബിസിനസ് തുടങ്ങാൻ എനിക്ക് പണമില്ല.


അതുകൊണ്ട്, ഒരു രാത്രി കൂടി മോഷണം നടത്താൻ എന്നെ അനുവദിക്കണം.
ആ പണംകൊണ്ട് ശിഷ്ടകാലം സന്തോഷത്തോടെ ജീവിക്കാം.
പറ്റില്ല!
നിന്നെക്കുറിച്ച് പരാതി പറയാൻ ആരെങ്കിലും ഇനി ബെൽ മുഴക്കിയാൽ...
ഹയ്യോ!
നിന്റെ തല വെട്ടും.
ഹയ്യോ!


അതുകൊണ്ട്, സൂക്ഷിച്ചോളൂ. മോഷണം നിർത്തണം. ഇത്തവണ വെറുതെ വിടുന്നു.
ശരി, മഹാരാജാവേ.
അടുത്തദിവസം, നാഗപ്പ രാജാവിനെ കാണാനെത്തി.
എന്താണിതിൽ?
ഞാനിന്നലെ മോഷ്ടിച്ച സ്വർണമാണ്.
ഇത്രയധികം സ്വർണം മോഷ്ടിച്ചിട്ടും ആരും ബെല്ലടിച്ചില്ലല്ലോ!
അത്... അത്...
ഞാനാ ബെല്ലാണു മോഷ്ടിച്ചത്. ഇനിയാർക്കും മണിയടിക്കാൻ കഴിയില്ലല്ലോ.
ങ്ഹേ!

ഹാഫിള് മുഹ്സിൻ തൂത



സ്വാതന്ത്ര്യസമരത്തിലെ മുസ്‌ലിം സേനാനികൾ



# ഖാൻ ബഹദൂർ ബറേലി

**1857** മെയ് 31ന് ഉത്തർപ്രദേശിലെ രോഹിൽഖണ്ഡിന്റെ തലസ്ഥാനമായ ബറേലിയിൽ ഒരു സ്വാതന്ത്ര്യപ്രഖ്യാപനം നടന്നു. സ്വാതന്ത്ര്യത്തിന്റെ പ്രതീകമായയി ഒരു ഹരിതപതാക പാറിപ്പറന്നു. അവിടെ ഒരുമിച്ചുകൂടിയ ജനങ്ങളുടെ മുന്നിൽ ഒരു ചെറുപ്പക്കാരൻ ഇങ്ങനെ പ്രസംഗിക്കുന്നുണ്ടായിരുന്നു:

‘ഇന്ത്യയുടെ ജനങ്ങളേ, സ്വാതന്ത്ര്യത്തിന്റെ ശുഭദിനം ഉദിച്ചിരിക്കുന്നു. ഇംഗ്ലീഷുകാരുടെ വഞ്ചനയിൽ നിങ്ങൾ പെട്ടുപോകരുത്. മുസ്‌ലിംകളെയും ഹിന്ദുക്കളെയും തമ്മിൽ തെറ്റിക്കാൻ അവർ പരമാവധി ശ്രമിക്കും. വിശുദ്ധ ഖുർആനെ ബഹുമാനിക്കുന്ന മുസ്‌ലിംകളേ, പശുമാതാവിനെ വന്ദിക്കുന്ന ഹിന്ദുക്കളേ, നിങ്ങളുടെ അഭിപ്രായവ്യത്യാസങ്ങൾ മറന്ന് ഈ നാടിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി കൈകോർക്കുക. ഒരു പതാകയ്ക്കു കീഴിൽ പോരാടുക, നമ്മുടെ രക്തത്തിന്റെ സ്വതന്ത്രമായ പ്രവാഹത്തിൽ ഇംഗ്ലീഷ് ആധിപത്യത്തിന്റെ കളങ്കങ്ങൾ കഴുകിക്കളയുക.’

ഈ പ്രസംഗം നടത്തിയ ചെറുപ്പക്കാരൻ ആരെന്നറിയാമോ? ബറേലിയിലെ ഭരണാധികാരിയായിരുന്ന ഖാൻബഹദൂർ.

നവാബ് ഹാഫിസ് റഹ്മത്ത് ഖാന്റെ ചെറുമകനായി 1823ലാണ് ഖാൻബഹദൂർ ജനിച്ചത്.

1857ൽ ഒന്നാം സ്വാതന്ത്ര്യ സമരം ആരംഭിച്ചപ്പോൾ ബ്രിട്ടീഷുകാർക്കെതിരെ അദ്ദേഹം ഒരു സർക്കാർ രൂപീകരിച്ചു. ഖാൻബഹദൂറിന്റെ നേതൃത്വത്തിൽ ബ്രിട്ടീഷ് വിരുദ്ധരുടെ പ്രധാന കേന്ദ്രങ്ങളിലൊന്നായി ബറേലി മാറി. മുതലാളികളെ പ്രീണിപ്പിക്കാനായി ബ്രിട്ടീഷുകാർ കർഷകരുടെ ഭൂമി ബലപ്രയോഗത്തിലൂടെ വിറ്റഴിച്ചത് ഈ പ്രദേശത്തുള്ളവരെ വളരെയധികം ബാധിച്ചിരുന്നു. ഇതിനു പുറമെ ഭൂമിക്കുമേൽ ചൗക്കിദാരി നികുതികളും ചുമത്തിയതോടെ കർഷകപ്രക്ഷോഭം ആരംഭിച്ചു. താമസിയാതെ പ്രക്ഷോഭം അടിച്ചമർത്തപ്പെട്ടെങ്കിലും സമരവാർത്തകൾ വ്യാപകമായി പ്രചരിച്ചു. ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള കർഷകർ കലാപത്തിൽ പങ്കുചേരാൻ ബറേലിയിലേക്കെത്തി. കൈക്കൂലി നൽകിയും രജപുത്ര രാജാക്കളെ സ്വാധീനിച്ചും സമരത്തെ വർഗീയവത്ക്കരിക്കാൻ ബ്രിട്ടീഷുകാർ നിരന്തരം ശ്രമിച്ചു. എന്നാൽ, ബറേലിയിൽ സാമുദായിക ഐക്യം നിലനിർത്തുന്നതിൽ ഖാൻബഹദൂർ വിജയിച്ചു.

രോഹിൽഖണ്ഡിന്റെ തലസ്ഥാനമായ ബറേലിയിൽ വെച്ച് ഖാൻ ബഹദൂർ നടത്തിയ പ്രസംഗം ബ്രിട്ടീഷുകാരെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു.

വർഗീയത പരത്താനുള്ള ശ്രമം പരാജയപ്പെട്ടപ്പോൾ ബ്രിട്ടീഷ് സൈന്യം ബറേലി ഉപരോധിച്ചു. ബഹദൂർഖാന്റെ സൈന്യം ശക്തമായി പൊരുതിയെങ്കിലും പിടിച്ചുനിൽക്കാനാവാതെ 1858 മെയ് 5ന് നേപ്പാളിലെ വനങ്ങളിലേക്ക് പിൻവാങ്ങി. ബ്രിട്ടീഷ് അനുകൂലിയായിരുന്ന നേപ്പാൾ ഭരണാധികാരി ജംഗ്, ബഹാദൂർ ഖാനെ പിടികൂടി ബ്രിട്ടീഷുകാർക്ക് കൈമാറി.

തുടർന്ന്, സമരത്തിൽ പങ്കെടുത്ത ഖാൻബഹദൂറിനും കൂട്ടാളികളായ 243 പേർക്കും അവർ വധശിക്ഷ വിധിച്ചു. 1860 മാർച്ച് 24 ന് ബറേലിയിലെ ബ്രിട്ടീഷ് കമ്മീഷണറുടെ ഓഫീസ് കെട്ടിടത്തിനുമുന്നിലുള്ള ഒരു വലിയ ആൽമരത്തിൽ അവരെ കൂട്ടത്തോടെ തൂക്കിലേറ്റി.



## ഇന്ത്യയിലെ സംസ്ഥാനങ്ങൾ 1

# അരുണാചൽ പ്രദേശ്

- തലസ്ഥാനം: ഇറ്റാനഗർ
- വിസ്തീർണം: 83,743 ച.കി.മീ
- ജനസംഖ്യ: 13,83,727
- ജനസാന്ദ്രത: 17 ച.കി.മീ
- സാക്ഷരത: 65.38%
- സ്ത്രീ- പുരുഷ അനുപാതം: 938/1000
- ലോക്സഭാ സീറ്റുകൾ: 2
- രാജ്യസഭാ സീറ്റുകൾ: 1
- അസംബ്ലി സീറ്റുകൾ: 60
- ഭാഷകൾ: മോൺപ, മിജി, അഡി, ആക, നിഷി തുടങ്ങി 15 ഭാഷകൾ

### ചരിത്രം

1. 1972ൽ അരുണാചൽപ്രദേശ് എന്ന പേര് ലഭിച്ചു.
2. 'സൂര്യോദയത്തിന്റെ നാട്' എന്നാണർഥം.
3. 1986 ഡിസംബർ 24ന് പാർലമെന്റ് സ്റ്റേറ്റ് ഓഫ് അരുണാചൽപ്രദേശ് ആക്ട് പാസാക്കി.
4. 1987 ഫെബ്രുവരി 20ന് ഇന്ത്യയിലെ 24-ാം സംസ്ഥാനമായി.
5. ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ ഭാഷകളുള്ളത് അരുണാചൽപ്രദേശിലാണ്; 15 എണ്ണം.

**ജില്ലകൾ:** 1. വെസ്റ്റ് കാമെങ്, 2. ഈസ്റ്റ് കാമെങ്, 3. ലോവർ സുബാൻസിരി, 4. അപ്പർ സുബാൻസിരി, 5. സിയാങ്, 6. ലോവർ ദിബങ് വാലി, 7. തിറപ്, 8. തവാങ്, 9. ചങ്ലങ്, 10. പപുംപരേ, 11. അപ്പർ സിയാങ്, 12. ഈസ്റ്റ് സിയാങ്, 13. ലോഹിത്, 14. അൻജാവ്, 15. കുറുങ് കുമേ, 16. ദിബങ് വാലി, 17. ലോങ് ഡിങ്, 18. നംസായ്. 19. ക്രാദാഡി, 20. വെസ്റ്റ് സിയാങ്, 21. ക്യാപ്പിറ്റൽ കോംപ്ലെക്സ്- ഇറ്റാനഗർ, 22. കല്ലേ, 23. പാക്കേ കെസാങ്, 24. ലെപാറാഡി, 25. ഷിയോമി, 26. ബികോം, 27. കീയി പന്യോർ, 28. ദിബങ് വാലി

**അതിർത്തികൾ :**
**പടിഞ്ഞാറ്**- ഭൂട്ടാൻ,
**വടക്ക്**- ടിബറ്റ്,
**വടക്കുകിഴക്ക്**- ചൈന,
**കിഴക്ക്**- മ്യാൻമർ,
**തെക്ക്**- അസം, നാഗാലാൻഡ്

**സംസ്ഥാന പുഷ്പം**
ഓർക്കിഡ്

**സംസ്ഥാന വൃക്ഷം**
ഹൊല്ലോങ്

**സംസ്ഥാന പക്ഷി**
വേഴാമ്പൽ

**സംസ്ഥാന മൃഗം**
മിഥുൻ(ഗയൽ)

സമസ്ത ചരിത്രം - 18

# അണ്ടോണ മുഹ്‌യിദ്ദീൻ മുസ്‌ലിയാർ



റൈഹാൻ

ഒരു കാലമുണ്ടായിരുന്നു. ജുബ്ബയും തൊപ്പിയുമൊക്കെ ധരിച്ച് നീണ്ട താടിയുള്ള ചെറുസംഘങ്ങൾ ഭാണ്ഡക്കെട്ടുമായി വരും. ഉൾഗ്രമങ്ങളിലെ പള്ളികളിൽ താമസമാക്കും. അവിടെനിന്ന് ഭക്ഷണം പാകം ചെയ്തു കഴിക്കും. എല്ലാ നിസ്കാരശേഷവും പള്ളിയിൽ വട്ടമിട്ടിരുന്ന് ഒരാൾ പുസ്തകം വായിക്കും. മറ്റുള്ളവർ അത് ശ്രദ്ധിച്ചു കേൾക്കും. നിസ്കാരത്തെയും നോമ്പിനെയും മറ്റും കുറിച്ചുള്ള പുസ്തകങ്ങളായിരിക്കും വായിക്കുന്നത്. അതു കേൾക്കാൻ പള്ളിയിൽ നിസ്കരിക്കാൻ വരുന്നവരെ ക്ഷണിക്കും.

തബ്‌ലീഗ് എന്നാണ് പറയുക. ഇസ്‌ലാമിന്റെ സന്ദേശം ജനങ്ങൾക്കെത്തിക്കാൻ ഇറങ്ങിത്തിരിച്ച പ്രബോധകർ എന്നാണു തങ്ങളെ

വിശേഷിപ്പിക്കുക. പാവങ്ങൾ. അവരിവിടെ താമസിച്ചോട്ടെ എന്നു മഹല്ല് ഭാരവാഹികളും നാട്ടുകാരും വിചാരിക്കും. താല്പര്യപൂർവ്വം ക്ലാസ് കേൾക്കാൻ വരുന്നവരെ തങ്ങളുടെ മജ്‌ലിസിൽ അംഗമാക്കും. അടുത്ത സ്ഥലത്തേക്ക് തങ്ങളോടൊപ്പം കെട്ടും ഭാണ്ഡവുമായി വരാൻ ക്ഷണിക്കും. ക്രമേണ അവരുടെ മനസ്സിൽ പുത്തനാശയങ്ങൾ കുത്തിക്കയറ്റും. തങ്ങളുടെ നേതാക്കളുടെ പുസ്തകങ്ങൾ പഠിപ്പിച്ച് സുന്നത്ത് ജമാഅത്തിൽ നിന്നകറ്റും. തബ്‌ലീഗ് ജമാഅത്ത് എന്ന പ്രസ്ഥാനം നമ്മുടെ നാട്ടിൽ വേരൂന്നിയത് അങ്ങനെയാണ്.

ആദ്യകാലത്ത് സുന്നി പണ്ഡിതരിൽ അധികപേരും ഇവരുടെ കുതന്ത്രങ്ങൾ തിരിച്ചറിഞ്ഞിരുന്നില്ല. അതുകൊണ്ടുതന്നെ ഇവരെ ശരിക്കും മനസ്സിലാക്കി പ്രതിരോധിക്കാനും ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാനും ശ്രമങ്ങളുണ്ടായില്ല. ഇവരുടെ അടിസ്ഥാന ആശയങ്ങൾ ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങളെല്ലാം ഉറുദുവിലായിരുന്നത് തനിനിറം മനസ്സിലാക്കാൻ തടസ്സമായി. ഈ സാഹചര്യത്തിലാണ് അണ്ടോണ മുഹ്‌യിദ്ദീൻ മുസ്‌ലിയാർ ഉറുദു പഠിക്കുന്നത്. തബ്‌ലീഗ്, ജമാഅത്തെ ഇസ്‌ലാമി തുടങ്ങിയ പുത്തൻപ്രസ്ഥാനങ്ങളെക്കുറിച്ചു മനസ്സിലാക്കാൻ തന്നെ. അങ്ങനെ അദ്ദേഹം നന്നായി പഠിച്ച് ഇവരുടെ വികല വാദങ്ങളെ തുറന്നുകാട്ടി നാട്ടിലുടനീളം പ്രഭാഷണം നടത്തി ജനങ്ങളെ ബോധവൽക്കരിച്ചു. കെട്ടും ഭാണ്ഡവുമായി വരുന്ന പ്രബോധനക്കാരെ നാട്ടിൽനിന്ന് ഓടിക്കാനുള്ള സുബോധം ജനങ്ങളിലുണ്ടാക്കി.

ധീരമായ ഈ മഹദ് സേവനത്തിന് മുന്നിട്ടിറങ്ങിയത് പ്രധാനമായും രണ്ടു പണ്ഡിതന്മാരാണ്. പ്രഭാഷണ രംഗത്ത് അണ്ടോണ ഉസ്താദും രചനാരംഗത്ത് എം.എ ഉസ്താദും. 1942 ലാണ് അണ്ടോണ ഉസ്താദ് ജനിക്കുന്നത്, ചെട്ട്യാഞ്ഞാലിൽ അഹ്മദ് കുട്ടി വൈദ്യരുടെ മകനായി. പേരുകേട്ട പണ്ഡിതനായ പോക്കരുട്ടി ഉസ്താദിന്റെയും അണ്ടോണ അബ്ദുല്ല മുസ്‌ലിയാരുടെയും കാന്തപുരം ഉസ്താദിന്റെയും

ശിഷ്യത്വം സ്വീകരിച്ച് പണ്ഡി
തനായി. വെല്ലൂരിൽ നിന്ന്
ബാഖവി ബിരുദം നേടി.
കണ്ണൂർ മുട്ടം, മാത്തോ
ട്ടം, താമരശ്ശേരി തുട
ങ്ങിയ സ്ഥലങ്ങളിൽ
മുദരിസായി സേവ
നമനുഷ്ഠിച്ചു. 1985
ൽ മർകസ് ശരീഅ
കോളേജിൽ മുദരി
സായി. മുഹ്‌യിദ്ദീൻ
മുസ്‌ലിയാരുടെ
മികവുറ്റ പാണ്ഡി
ത്യവും ആദർശ
ധീരതയും പ്രഭാഷണ
ചാതുര്യവും പരിഗ
ണിച്ച് ചെറുപ്പത്തിൽ
തന്നെ സമസ്ത
മുശാവറയിലെടു
ത്തു. 1989 ൽ പുനഃ
സംഘടിപ്പിക്കപ്പെട്ട
സമസ്തയിൽ മുഖ്യ
അംഗമായി. 1992 ൽ
അഖിലേന്ത്യാ സുന്നി
ജംഇയ്യത്തുൽ ഉലമയുടെ
സെക്രട്ടറിമാരിൽ ഒരാളായി.
അണ്ടോണ എന്ന ഗ്രാമത്തിൽ
നിന്ന് അറിയാനും ഉയരാനു
മുള്ള അത്യാഗ്രഹം കൊണ്ട്
അത്യുന്നതയിലെത്തിയ
മഹാനാണ് അണ്ടോണ മു



ഹിയുദ്ദീൻ മുസ്‌ലിയാർ.
പ്രസ്ഥാനത്തിലെ തീപ്പൊരി
പ്രസംഗകൻ എന്നായിരു
ന്നു അദ്ദേഹം അറിയപ്പെട്ടി
രുന്നത്. സംവാദങ്ങളിലും
ഖണ്ഡന പ്രസംഗങ്ങളിലും
അസാമാന്യ പ്രതിഭയായിരു

ന്നു ഉസ്താദ്. പ്രസിദ്ധമായ കൊട്ടപ്പുറം സംവാദത്തിന്റെ ആസൂത്രണത്തിൽ മുഖ്യ പങ്കുവഹിച്ച അദ്ദേഹം ഒരു ദിവസത്തെ വിഷയാവതാരകനുമായിരുന്നു. ആവശ്യമായ തെളിവുകൾ വലിയ ഗ്രന്ഥങ്ങളിൽ നിന്നു നിമിഷങ്ങൾക്കകം കണ്ടെത്തിക്കൊടുക്കുന്നതിൽ അദ്ദേഹത്തിന്റെ കഴിവ് പ്രശംസ നേടിയിട്ടുണ്ട്.

വഹാബി, ജമാഅത്തെ ഇസ്‌ലാമി, തബ്ലീഗ് ജമാഅത്ത് തുടങ്ങിയ പുത്തൻ പ്രസ്ഥാനങ്ങൾക്കെതിരെ മാത്രമല്ല വ്യാജ ത്വരീഖത്തുകൾക്കെതിരെയും അദ്ദേഹം നിരന്തരം പോരാടിക്കൊണ്ടിരുന്നു. വ്യാജ ത്വരീഖത്തുകളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് അവതരിപ്പിക്കാൻ സമസ്ത നിയോഗിച്ചത് അണ്ടോണ ഉസ്താദിനെയായിരുന്നു. സുന്നി പ്രസ്ഥാനത്തിനുള്ളിൽ ശൈഥില്യമുണ്ടാക്കാൻ ശ്രമിക്കുന്ന ചില വ്യാജ ശൈഖുമാരുടെ തനിനിറം തുറന്നു കാട്ടുന്ന അദ്ദേഹത്തിന്റെ പഠനം ശ്രദ്ധേയമായിരുന്നു.

അറിവിനോടുള്ള അദമ്യമായ താല്പര്യത്തിൽ 1993 ൽ ഉസ്താദ് ഈജിപ്തിലേക്ക് പുറപ്പെട്ടു; കെയ്റോയിലെ അൽഅസ്ഹർ യൂണിവേഴ്സിറ്റി സംഘടിപ്പിക്കുന്ന ദഅവാ പ്രവർത്തകർക്കുള്ള അന്താരാഷ്ട്ര പഠന ക്യാമ്പിൽ പങ്കെടുക്കാൻ. ക്യാമ്പ് കഴിഞ്ഞു 1994 ഫെബ്രുവരി 24ന് നാട്ടിലേക്ക് പുറപ്പെട്ടു. അസുഖബാധിതനായി നേരെ ഹോസ്പിറ്റലിലേക്കാണു പോയത്. അവിടെ വെച്ച് ഫെബ്രുവരി 27ന് ഈ ലോകത്തോടു വിടപറഞ്ഞു. അണ്ടോണ മഹല്ല് ഖബർസ്ഥാനിൽ അന്ത്യവിശ്രമം കൊള്ളുന്നു.

## ശരിയും തെറ്റും

| ശരി | തെറ്റ് |
|---|---|
| ഉദ്ഘാടനം | ഉത്ഘാടനം |
| പ്രവൃത്തി | പ്രവർത്തി |
| അനുഗൃഹീതം | അനുഗ്രഹീതം |
| ശൃംഖല | ശൃംഘല |
| അതിഥി | അഥിതി |



അബ്ദുൽഹകീം പാലത്തുങ്കര

# ജാലിയൻ വാലാബാഗ്

- ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ കറുത്ത അധ്യായമാണ് 1919 ഏപ്രിൽ 13 നു നടന്ന ജാലിയൻവാലാബാഗ് സംഭവം.

- 1919 മാർച്ചിൽ ബ്രിട്ടീഷ് ഗവൺമെന്റ് രാജ്യത്ത് റൗലറ്റ് ആക്ട് എന്ന ഒരു നിയമം കൊണ്ടുവന്നു. ഏതൊരാളെയും വിചാരണ കൂടാതെ അറസ്റ്റ് ചെയ്യാനും തുറുങ്കിലടയ്ക്കാനും ഈ കരിനിയമം ഗവൺമെന്റിന് അധികാരം നൽകി.

- റൗലറ്റ് നിയമത്തിനെതിരെ ഗാന്ധിജിയുടെ ആഹ്വാനപ്രകാരം ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ പ്രതിഷേധങ്ങളുണ്ടായി. പഞ്ചാബിലെ സമരനേതാക്കന്മാരായിരുന്ന ഡോ. സത്യപാലിനെയും സൈഫുദ്ദീൻ കിച്‌ലുവിനെയും ബ്രിട്ടീഷുകാർ അറസ്റ്റ് ചെയ്തു.

- നേതാക്കളെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് പഞ്ചാബിലെ അമൃത്സറിൽ ജനങ്ങൾ ഹർത്താൽ ആചരി

ച്ചു. പിന്നീടുള്ള ദിവസങ്ങളിൽ പലയിടങ്ങളിലും സമരങ്ങൾ നടന്നു.

- ബ്രിട്ടീഷ് ഗവൺമെന്റ് നിരോധനാജ്ഞ പ്രഖ്യാപിച്ചു. നഗരത്തിന്റെ പ്രധാന ഭാഗങ്ങളിൽ പട്ടാളത്തെ വിന്യസിച്ചു.

- ഗവൺമെന്റിന്റെ അതിക്രമങ്ങൾക്കും നിയമനടപടികൾക്കുമെതിരെ 1919 ഏപ്രിൽ 13ന് ജാലിയൻവാലാബാഗ് മൈതാനത്തിൽ മുസ്‌ലിംകളും ഹിന്ദുക്കളും സിഖുകാരുമടങ്ങുന്ന വലിയൊരു ജനാവലി ഒരുമിച്ചുകൂടി. സമാധാനപരമായ പ്രതിഷേധമായിരുന്നു ലക്ഷ്യം.

- ഇതറിഞ്ഞ ബ്രിട്ടീഷ് സൈനിക കമാൻഡർ, ജനറൽ ഡയർ സൈന്യത്തെ ജാലിയൻവാലാബാഗ് മൈതാനത്തേക്കയച്ചു. ഇടുങ്ങിയ ഒരു പ്രവേശനകവാടം മാത്രമുണ്ടായിരുന്ന മൈതാനം ബ്രിട്ടീഷ് സൈന്യം വളഞ്ഞു.

- ജനറൽ ഡയറിന്റെ ഉത്തരവു പ്രകാരം ഒരു മുന്നറിയിപ്പുമില്ലാതെ സൈന്യം



വെടിവെപ്പാരംഭിച്ചു. കുട്ടികളും സ്ത്രീകളുമടങ്ങുന്ന നിരവധി പേർ തൽക്ഷണം മരിച്ചുവീണു. നിരവധി പേർക്ക് പരുക്കേൽക്കുകയും ചെയ്തു.

- ജാലിയൻ വാലാബാഗ് കൂട്ടക്കൊലയിൽ കൊല്ലപ്പെട്ടവരുടെ ഒരു സ്മാരകം പഞ്ചാബിലെ അമൃത്സറിൽ സ്ഥാപിച്ചിട്ടുണ്ട്.

# ലല്ലു പഠിച്ച പാഠം

ഹരീഷ് ആർ നമ്പൂതിരിപ്പാട്

'**ഹേ**യ്, ലല്ലൂ പഴങ്ങൾ വെറുതെ കടിച്ചു വലിച്ചെറിയരുത്. ആഹാരം പാഴാക്കുന്നതു തെറ്റാണ്.'

ജില്ലുക്കുരങ്ങൻ ലല്ലുവിനെ ഉണർത്തി. ലല്ലുവിന് അതിഷ്ടമായില്ല.

'ഞാൻ മധുരമുള്ളതുനോക്കി തിന്നുകയാണ്. രുചിയില്ലാത്ത പഴങ്ങളാണ് കളഞ്ഞത്.'

ലല്ലൂ ലല്ലൂ ചെയ്യല്ലേ
നല്ല പഴങ്ങൾ കളയല്ലേ
തിന്നാനില്ലാതീ ഭൂവിൽ
ഉണ്ടേ നിരവധി പാവങ്ങൾ

'നീ ശ്രദ്ധയോടെ മൂത്തുപഴുത്ത പഴങ്ങൾ മാത്രം പറിച്ചു തിന്നാൽമതി. ബാക്കിയുള്ളവ അവിടെക്കിടക്കട്ടെ നാളേയ്ക്കത് പാകമാകും.' ജില്ലു വീണ്ടും ഉണർത്തി.

ലല്ലു അതൊന്നും കേൾക്കാതെ അനേകം പഴങ്ങൾ കടിച്ചു വലിച്ചെറിഞ്ഞു. ആ പഴങ്ങൾ മരച്ചുവട്ടിൽ ചിന്നിച്ചിതറിക്കിടന്നു. പാവങ്ങളായ മാനുകളും മുയലുകളും ആ പഴങ്ങൾ രുചിയോടെ തിന്നുന്നതു

കണ്ടപ്പോൾ ജില്ലുവിന് കുറച്ചു സമാധാനമായി; ഹാവൂ, അത് പാഴായിപ്പോയില്ലല്ലോ.

എങ്കിലും ഈ ശീലം മാറ്റണമെന്ന് ജില്ലു ലല്ലുവിനോട് പറഞ്ഞു:

'ലല്ലുക്കുട്ടാ ചങ്ങാതീ,
കളിയാടീടാൻ വരുന്നോ നീ.
പൊത്തിന്നുള്ളിലൊളിച്ചീടാം.
ചില്ലകൾ ചാടി രസിച്ചീടാം.'

അവർ കൂട്ടുകാർക്കൊപ്പം കളിക്കാൻ പോയി. ഒളിച്ചു കളിക്കുന്നതിന്നിടയിൽ ലല്ലു മരത്തിനു മുകളിലുള്ള വലിയൊരു പൊത്തിലേക്ക് വീണുപോയി. ഇരുട്ടു നിറഞ്ഞ ആ പൊത്തിൽ കിടന്ന് അവൻ ഉറക്കെ കരഞ്ഞു. പക്ഷേ, കൂട്ടുകാരാരും അതു കേട്ടില്ല. അവർ ലല്ലുവിനെത്തേടി നടന്നു. ലല്ലുവാകട്ടെ, പേടിയും വിശപ്പും ദാഹവും സഹിക്കാനാവാതെ കരഞ്ഞു തളർന്നു. അപ്പോഴാണ് മരപ്പൊത്തിൽ വീണുകിടക്കുന്ന



പഴകിയ പഴങ്ങൾ ലല്ലു ശ്രദ്ധി ച്ചത്. വിശപ്പിന്റെ കാഠിന്യ ത്താൽ ലല്ലു രുചി നോക്കാതെ അവ ഓരോന്നായി അകത്താ ക്കി.

സമയം ഒരുപാടു കഴിഞ്ഞ പ്പോൾ കൂട്ടുകാർ പൊത്തിന കത്തുനിന്ന് ലല്ലുവിന്റെ ശബ്ദം കേട്ടു. അവർ ഒരു മരക്കമ്പ് ഉപയോഗിച്ച് ലല്ലുവിനെ രക്ഷ പ്പെടുത്തി.

'ചങ്ങാതീ, ഞങ്ങൾ നിന്നെ എവിടെയൊക്കെ തിരക്കിയെ ന്നോ... ഏതായാലും നിന്നെ കണ്ടല്ലോ, ഭാഗ്യം തന്നെ. വരൂ, നമുക്ക് പഴങ്ങൾ കഴിച്ച് വിശപ്പകറ്റാം.' ജില്ലു പറഞ്ഞു.

അപ്പോൾ ലല്ലു പറഞ്ഞു:
'കനികൾ മൂത്തുപഴുത്തതു നോക്കി
പറിച്ചു തിന്നാം ചങ്ങാതീ
വിശന്നിരിക്കും പാവങ്ങൾക്ക്
കരുതിവയ്ക്കാമവയെന്നും.'

ലല്ലു പറഞ്ഞതു കേട്ട് ജില്ലുവിനും കൂട്ടുകാർക്കുമെല്ലാം സന്തോഷമായി.

# ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. ഇൻവിട്രോ ഫെർട്ടിലൈസേഷൻ വഴി ലോകത്താദ്യമായി കങ്കാരുവിന്റെ ഭ്രൂണങ്ങൾ സൃഷ്ടിച്ച രാജ്യം?

2. വയോജന സൗഹൃദ നഗരമായി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ച ദക്ഷിണേന്ത്യയിലെ ആദ്യ നഗരം?

3. ആദ്യ കടലാസ് രഹിത ബജറ്റ് അവതരിപ്പിച്ച സംസ്ഥാനം?

4. കേരളത്തിന്റെ നൈൽ എന്ന് വിളിക്കപ്പെടുന്ന പുഴ?

5. ആറാമത്തെ മുഗൾ ഭരണാധികാരി ഔറംഗസീബിന്റെ പേരിനോട് ചേർത്തു പറയുന്ന ആലംഗീർ എന്ന വാക്കിനർത്ഥം?

6. കേരളത്തെ തോൽപ്പിച്ച് 2024 – 25 ലെ രഞ്ജി ട്രോഫി ജേതാക്കളായ ടീം?

7. സംസ്ഥാനത്തെ ആദ്യ കൂൺ ഗ്രാമം ആരംഭിച്ചതെവിടെ?

8. വനിതകളിലെ അർബുദ നിയന്ത്രണത്തിനുള്ള സംസ്ഥാന സർക്കാറിന്റെ പദ്ധതി?

9. യൂത്ത് ഒളിമ്പിക്സിൽ മെഡൽ നേടിയ ആദ്യ മലയാളി?

10. പുതിയ ഡൽഹി മുഖ്യമന്ത്രി?

11. ലെബനനിന്റെ പുതിയ പ്രസിഡന്റായി നിയമിക്കപ്പെട്ടതാര്?

12. ലോകത്തെ ആദ്യ സമ്പൂർണ്ണ എ.ഐ അധിഷ്ഠിത ഭരണകൂടമാകാനിരിക്കുന്ന രാജ്യം?

13. കുഷ്ഠരോഗത്തെ പൂർണമായും നിർമ്മാർജ്ജനം ചെയ്ത ആദ്യ രാജ്യം?







എച്ച് എസ് പ്രണോയ്, രേഖ ഗുപ്ത, നവാഫ് സലാം, ജഗദീപ് ധൻകർ, ബഹദൂർ സിംഗ് സാഗു

14. 2026 ലെ കോമൺ വെൽത്ത് ഗെയിംസിന് വേദിയാകുന്ന നഗരം?

15. ഹിരണി അമരസൂര്യ ഏതു രാജ്യത്തിന്റെ പ്രധാനമന്ത്രിയാണ്?

16. ഒരു വർഷത്തേക്ക് മയോണൈസ് നിരോധിച്ച സംസ്ഥാനം?

17. ഇന്ത്യയുടെ ഉപരാഷ്ട്രപതി?

18. ഇത്തവണത്തെ ജ്ഞാനപ്പാന പുരസ്കാരം ലഭിച്ചതാർക്ക്?

19. സംസ്ഥാനത്തെ ഏറ്റവും നല്ല പോലീസ് സ്റ്റേഷനുള്ള പുരസ്കാരം ലഭിച്ചതാർക്ക്?

20. ഇന്ത്യയിൽ അരി ലഭിക്കുന്ന ആദ്യ എ.ടി.എമ്മായ അന്നപൂർത്തി ഗ്രെയ്ൻ എ.ടി.എം ഉദ്ഘാടനം ചെയ്തത് ഏതു സംസ്ഥാനത്ത്?

21. ഇന്ത്യക്ക് പുറത്തുള്ള ആദ്യ ജൻഔഷധി കേന്ദ്രം തുറന്നത് ഏതു രാജ്യത്ത്?

22. ബാംഗ്ലൂരിൽ പ്രവർത്തനമാരംഭിച്ച ഗൂഗിളിന്റെ നാലാമത്തെ പ്രവർത്തന സമുച്ചയത്തിന്റെ പേര്?

23. ആരവല്ലി സഫാരി പാർക്ക് നിലവിൽ വരുന്ന സംസ്ഥാനം?

24. ഇന്ത്യൻ അത്‌ലറ്റിക് ഫെഡറേഷന്റെ പുതിയ പ്രസിഡന്റ്?

25. ബിഫോർ മെമ്മറി ഫെയ്ഡ്സ് ആരുടെ ആത്മകഥ?

**ഉത്തരങ്ങൾ**

1. ഓസ്ട്രേലിയ, 2. കൊച്ചി, 3. ഉത്തർപ്രദേശ്, 4. ഭാരതപ്പുഴ, 5. ലോകജേതാവ്, 6. വിദർഭ, 7. നന്ദിയോട് (തിരുവനന്തപുരം), 8. ആരോഗ്യം ആനന്ദം, 9. എച്ച് എസ് പ്രണോയ്, 10. രേഖ ഗുപ്ത, 11. നവാഫ് സലാം, 12. സൗദി അറേബ്യ, 13. ജോർദാൻ, 14. ഗ്ലാസ്ഗോ, 15. ശ്രീലങ്ക, 16. തെലങ്കാന, 17. ജഗദീപ് ധൻകർ, 18. കെ.പി ശങ്കരൻ, 19. തലശ്ശേരി പോലീസ് സ്റ്റേഷൻ, 20. ഒഡീഷ, 21. മൗറീഷ്യസ്, 22. അനന്ത, 23. ഹരിയാന, 24. ബഹദൂർ സിംഗ് സാഗു, 25. ഫാലി എസ് നരിമാൻ



മിസ്റ്റർ
മണ്ടപ്പൻ
വാർത്തകൾ നിറയെ കുറ്റകൃത്യങ്ങളാണല്ലോ മച്ചൂ.
ശരിയാ, പ്രതികൾ ചെറുപ്പക്കാരും.
ന്യൂ ജനറേഷന്റെ വിനോദങ്ങൾ അല്പം ഓവറാകുന്നുണ്ട്.
ലഹരി, സിനിമ, വീഡിയോഗെയിമുകൾ പല കാരണങ്ങളുണ്ട് അവയ്ക്കു പിറകിൽ.
ആ അഭിപ്രായം എനിക്കുമുണ്ട്.
പാവപ്പെട്ട നമ്മളൊക്കെ ഏതു ജനറേഷനായി വരും?
തീറ്റ ജനറേഷനായിരിക്കും.
അതു പറഞ്ഞപ്പോഴാണ് ഓർത്തത്, ഇന്നത്തെ പ്രാതൽ?



കയ്യിൽ ഒമ്പിടി കാശില്ല. ഏമാന്മാർക്കിപ്പോൾ കേസുകളൊന്നുമില്ലേ.
ന്യൂജൻ ഏമാന്മാർ നമ്മളെയൊക്കെ ഒഴിവാക്കിയോ? കേസുകളുണ്ടായിട്ടും കാശില്ലാത്ത അവസ്ഥയാണ്.
വൈകാതെ,
ട്ർണീം... ട്ർണീം....
അണ്ണേ ദേ ഫോൺവിളിയെത്തി.
ഏമാന്മാർ തന്നെയാകും.
മണ്ടപ്പൻ ഫോണിൽ
ഹലോ ഗുഡ്മോർണിംഗ്. മണ്ടപ്പൻ സ്പീക്കിംഗ്.
അപ്പന്മാരേ, രക്ഷിക്കണം. നമ്മുടെ വെബ്സൈറ്റ് ഹാക്കർമാർ തൂക്കി.
ങേ! വെബ്സൈറ്റും തൂക്കിവിൽക്കാൻ തുടങ്ങിയോ?


ഗുലുമാലായല്ലോ പടച്ചോനേ!
വേഗം സാർ, വെബ്സൈറ്റ് തിരിച്ചുപിടിക്കണം, അതിനുമുമ്പ് ഹാക്കർമാരെയും.
അപ്പന്മാർ ബൈക്കിൽ,
വണ്ടി വിട് മച്ചൂ.
എങ്ങോട്ട് വിടാൻ? ലൊക്കേഷൻ കിട്ടുമോ?
കൂമൻകുന്നിലാണത്രെ ലാസ്റ്റ് സിഗ്നൽ കാണിച്ചത്.
സാമൂഹ്യദ്രോഹികളുടെ താവളമാണതെന്ന് കേട്ടിട്ടുണ്ട്.


അപ്പന്മാർ കൂമൻകുന്നിലേക്ക്,
ഹൗ! സന്ധ്യയായ പോലെ. നല്ല ഇരുട്ട്.
ങേ! ഒരു കെട്ടിടമല്ലേ അത്? അതിനുള്ളിൽ വെളിച്ചമുണ്ടല്ലോ.
വണ്ടി നിർത്ത്. ഒന്നു പോയി നോക്കാം.
അതുവേണോ അണ്ണേ?
വയറ്റിൽ വല്ലതും തടയണ്ടേ? ഹാക്കർമാരെ പൊക്കിയാൽ ഏമാൻമാർ വല്ലതും തരാതിരിക്കില്ല.
എന്നുവച്ച് ജീവൻ കളയണോ?
കെട്ടിടത്തിനകത്ത്,
ബോസ്, രണ്ടുപേർ വരുന്നുണ്ട്.
മൈ ഗോഡ്! അപ്പന്മാർ. സഡൺ എസ്കേപ്പ്!


പിറകു വഴി ഓടിക്കോ മച്ചാനേ.
ആരാണ് മച്ചൂ അതുവഴി ഓടുന്നത്?
കമോൺ ലറ്റ്സ് ഫോളോ.
നിൽക്കെടാ അവിടെ!
സ്പീഡപ്പ്!
ഹയ്യോ, തടഞ്ഞുവീണേയ്!
ഞാനും വീണേ.
ദേ, രണ്ടുപേരും വീണു.


ങേ, പിടികിട്ടാപ്പുള്ളി സൈബർബാലുവല്ലേ ഇത്?
ഇതിനാണോ അണ്ണേ തേടിയ വള്ളി കാലിൽ ചുറ്റുക എന്ന് പറയുന്നത്?
പാവങ്ങളാണേ, ഒന്നും ചെയ്യരുതേ!
ഏമാന്മാർ ജീപ്പുമായി സ്ഥലത്ത്,
അപ്പന്മാർ ഈ വഴി എങ്ങനെ ഇവിടെയെത്തി?
സൈബർകള്ളന്മാരെ പിടിക്കാൻ നമ്മൾ ഏതു മുക്കിലുമെത്തും.
ഇതാ, ഇതിനുള്ള പ്രതിഫലം ലൈവായി പിടിച്ചോളൂ.
നന്ദി ഏമാനേ...
ഇനി വണ്ടിയെട് മച്ചൂ.
പ്രാതൽ മുഖ്യം.

നോവൽ – 18

മുജ്തബ നസ്വീഹ്

# കത്തെഴുതുന്നതെങ്ങനെ?

'പോസ്റ്റ്മാനിക്കാ...'

വിളി കേട്ട് അയാൾ തിരിഞ്ഞുനോക്കി ചിരിച്ചു.

'എന്താ മക്കളേ?'

'കത്തയക്കാൻ എന്താ വേണ്ടത്?' അബൂട്ടി ചോദിച്ചു.

'കത്തെഴുതി അയക്കുക തന്നെ. നിങ്ങൾ അതൊന്നും സ്കൂളിൽ പഠിക്കുന്നില്ലേ?' അയാളുടെ ചോദ്യം കേട്ട് ഇരുവരും ഒന്നു പരുങ്ങി. ഒന്നും പറയാനാവാതെ നിന്നപ്പോൾ അയാൾ ചോദിച്ചു: 'നിങ്ങൾക്ക് കത്തയക്കണോ? ആർക്കാണയക്കേണ്ടത്?'

'ഇവന്റുമ്മാക്ക്.' അമീനാണ് മറുപടി പറഞ്ഞത്.

'ഉമ്മ എവിടെയാ?' അയാൾ വീണ്ടും ചോദിച്ചു.

## അബൂട്ടി

മിണ്ടാതെ നിൽക്കുന്ന അബൂട്ടിയോട് അമീൻ പറഞ്ഞു: 'എടോ, നിന്റെ ഉമ്മ എവിടെയാണെന്നു പറ.'

അബൂട്ടിക്കറിയില്ലല്ലോ അവന്റെ ഉമ്മ താമസിക്കുന്നത് എവിടെയാണെന്ന്. എവിടെയോ ദൂരെയാണെന്നു മാത്രമറിയാം.

'മക്കളേ, ആർക്കാണോ കത്തയക്കേണ്ടത്, അവരുടെ പൂർണ്ണ അഡ്രസ്സ് വേണം. അതായത് അവരുടെ പേരും വീട്ടുപേരും താമസിക്കുന്ന സ്ഥലവുമൊക്കെ. എന്നാലേ കത്ത് നിങ്ങളയച്ചയാൾക്ക് കിട്ടുകയുള്ളൂ. മോൻ ഉമ്മയുടെ അഡ്രസ്സ് വാങ്ങിവെച്ചോ. കത്തെഴുതാനുള്ള കടലാസ് ഞാൻ നാളെ തരാം. പിന്നേയ്... അതിനു പൈസയും വേണം ട്ടോ.'

ഇത്രയും പറഞ്ഞ് അയാൾ റോഡരികിലെ ഒരു വീട്ടിലേക്ക് കയറിപ്പോയി.

'പോസ്റ്റ്മാന്റെ വീട് ഇതായിരിക്കും.' അമീൻ പറഞ്ഞു.

ഉമ്മയുടെ അഡ്രസ്സ് കിട്ടാനെന്താണു വഴി? അബൂട്ടിയുടെ ചിന്ത അതായിരുന്നു. മാമനും മാമിക്കും അറിയാമായിരിക്കും. ചോദിച്ചാൽ അവര് തരുമോ?

'കത്തെഴുതിക്കോ, ഞങ്ങൾ അയക്കാം' എന്ന് പറയുമായിരിക്കും. പക്ഷേ, എഴുതുന്ന കത്ത് അവരുമ്മാക്ക് അയക്കുമോ?

പിന്നെയെവിടുന്നാണ് ഉമ്മയുടെ അഡ്രസ്സ് കിട്ടുക? ഉമ്മമ്മക്കറിയുമാ



യിരിക്കും. പക്ഷേ, ഉമ്മമ്മ അങ്ങ് ദൂരെയല്ലേ? അങ്ങോട്ട് പോകാനുള്ള വഴിയൊന്നും അബൂട്ടിക്കറിയില്ല. അവരെ കണ്ടിട്ടു തന്നെ എത്രയോ കാലമായല്ലോ. ഒരിക്കലിവിടെ വന്നപ്പോ മാമി എന്തോ ഇഷ്ടപ്പെടാത്തത് പറഞ്ഞല്ലോ. അന്ന് കണ്ണീരോടെ ഇറങ്ങിപ്പോയ ഉമ്മമ്മ പിന്നെയിങ്ങോട്ട് വന്നിട്ടേയില്ല.

പലതരം വിചാരങ്ങളോടെയാണ് നടക്കുന്നത്. അതിനിടെ അമീൻ എന്തൊക്കെയോ പറയുന്നുണ്ട്, ചോദിക്കുന്നുണ്ട്. എന്താണതിനൊക്കെ മറുപടി പറയുന്നതെന്നു പോലും ഓർമ്മയില്ല. മനസ്സിൽ നിറയെ ഉമ്മയും ഉമ്മമ്മയുമാണ്. ഉമ്മയുടെ അഡ്രസ്സിനെക്കുറിച്ചുള്ള ചിന്തകളാണ്.

വഴിപിരിയേണ്ടിടത്തെത്തിയപ്പോൾ അമീൻ ഓർമ്മിപ്പിച്ചു: 'അബൂട്ട്യേ, ഉമ്മയുടെ അഡ്രസ്സ് വാങ്ങി വെച്ചോളൂട്ടോ. അയാൾ കത്ത് തന്നാൽ എഴുതി അയക്കണ്ടേ?'

അവൻ വഴി തിരിഞ്ഞ് ഒറ്റയോട്ടം. അബൂട്ടി മറുവഴിക്കും ഓടിത്തുടങ്ങി. ഒറ്റയോട്ടത്തിനു വീട്ടിലെത്തണം. ഒറ്റയ്ക്കാകുമ്പോ നടന്നു പോകാൻ പേടിയാണല്ലോ.

ആട്ടിൻകൂടിനടുത്തെത്തിയപ്പോൾ സമാധാനമായി. ഇനി പേടിക്കാനൊന്നുമില്ല. അബൂട്ടിയെ കണ്ടിട്ടായിരിക്കും, ചിലയാടുകൾ തട്ടിക്കുടഞ്ഞെഴുന്നേറ്റു. മെല്ലെ മ്.. മ്.. മ്.. ഏ... എന്ന് ഒച്ചയുണ്ടാക്കി. അബൂട്ടിയെ കണ്ട സന്തോഷം കാണിക്കുകയായിരിക്കും. എവിടുന്നാണോടിവരുന്നത് എന്നോ, സുഖമല്ലേ എന്നോ മറ്റോ ചോദിക്കുകയായിരിക്കും. അബൂട്ടി അടുത്തേക്കു ചെന്നപ്പോൾ അവർ മുട്ടുമടക്കി നിലത്തമർന്നു. 'നല്ല ആടുകൾ! എന്തൊരു സ്നേഹവും ഇഷ്ടവുമാണീ ആടുകൾക്ക്!' അബൂട്ടി ഇങ്ങനെ സ്വയം പറഞ്ഞുകൊണ്ട് അകത്തേക്കു കയറി. അപ്പോഴാണൊരു തോന്നലുണ്ടായത്; ഉമ്മ അന്നൊരു ദിവസം അയച്ച കത്തുണ്ടല്ലോ പുസ്തകത്തിനുള്ളിൽ സൂക്ഷിച്ചുവെച്ചത്. മാമനയച്ച കത്തിനോടൊപ്പം വെച്ച ഒരു തുണ്ട് കടലാസാണ്. അതിൽ ഉമ്മയുടെ അഡ്രസ്സ് എഴുതിയിട്ടുണ്ടാവുമോ?

അബൂട്ടി നേരെ കിടക്കുന്ന മുറിയിലേക്കു

പോയി. പഴയ സ്കൂൾബാഗെടുത്ത് പുസ്തകങ്ങളൊക്കെ പുറത്തെടുത്തു പരിശോധന തുടങ്ങി. ആ തുണ്ടുകടലാസ് കണ്ടെത്താൻ പ്രയാസമുണ്ടായില്ല. അവനതു പരിശോധിച്ചു. ഉമ്മ അന്നെഴുതിയതെല്ലാം അവന്റെ മനസ്സിലുണ്ട്; ആ കട ലാസിലുള്ള പോലെത്തന്നെ. അവനത് വീണ്ടും തിരിച്ചും മറിച്ചും നോക്കി. അപ്പോഴാണതു കണ്ടത്, താഴെ വളരെ ചെറുതാക്കി എഴുതിയിരിക്കുന്നു, ഉമ്മയുടെ പേരും സ്ഥലവും മറ്റും. ഇതുതന്നെയായിരിക്കും അഡ്രസ്സെന്നു പറയുന്നത്.

അബൂട്ടിക്ക് ആശ്വാസമായി. അവൻ മനസ്സിലുറപ്പിച്ചു; പോസ്റ്റുമാൻ കത്തെഴുതാനുള്ള കടലാസ് തന്നാൽ നാളെത്തന്നെ ഉമ്മാക്ക് കത്തെഴുതണം. എന്തൊക്കെയാണെഴുതുക? ദർസിൽ പോകുന്നതിനെക്കുറിച്ചും ഉസ്താദുമാരെക്കുറിച്ചുമെഴുതാം. ആടുകളെക്കുറി



## തൂലികാനാമങ്ങൾ

1. അക്കിത്തം - അച്യുതൻ നമ്പൂതിരി
2. അഭയദേവ് - അയ്യപ്പൻ പിള്ള
3. ആനന്ദ് - പി സച്ചിദാനന്ദൻ
4. ആശാൻ - കുമാരനാശാൻ
5. ഇടശ്ശേരി - ഗോവിന്ദൻ നായർ
6. ഇടപ്പള്ളി - രാഘവൻപിള്ള
7. ഇ.വി - കൃഷ്ണപിള്ള
8. ഉള്ളൂർ - എസ് പരമേശ്വരയ്യർ
9. ഉബൈദ് - ടി അബ്ദുറഹ്മാൻ
10. ഉറൂബ് - പി.സി കുട്ടികൃഷ്ണൻ






ച്ചും മാമനെയും മാമിയെയും കുറിച്ചും എഴുതണോ? സ്കൂളിൽ പോകാൻ സമ്മതിക്കാത്തതിനെക്കുറിച്ച് എഴുതണോ? അബൂട്ടിയുടെ വിഷമങ്ങൾ ഉമ്മയെ അറിയിക്കണോ? അപ്പോൾ ഉമ്മയ്ക്ക് വിഷമമാവില്ലേ? ഉമ്മ കരയില്ലേ? ഉമ്മയെ കരയിക്കണോ? വേണ്ട. ഉമ്മയ്ക്ക് വിഷമമുണ്ടാക്കുന്ന ഒന്നും എഴുതേണ്ട.

'എടാ ചെക്കാ, നെനക്ക് തിന്നാനൊന്നും വേണ്ടേ?' അടുക്കളയിൽ നിന്നുള്ള മാമിയുടെ വിളിയാണ് വിചാരങ്ങൾക്ക് വിരാമമിട്ടത്. ചെക്കാ എന്നു വിളിക്കുന്നത് അബൂട്ടിയെയാണ്. അവരുടെ മക്കളെ വിളിക്കുന്നത് മുത്തേ, പൊന്നേ എന്നൊക്കെയാണല്ലോ.

അബൂട്ടി എഴുന്നേറ്റ് അടുക്കളയിലേക്ക് നടന്നു. വിശന്നു പൊരിയുന്നുണ്ട് വയറ്. എന്തെങ്കിലുമിത്തിരി കഴിച്ചില്ലെങ്കിൽ ഉറക്കം വരില്ല. അവൻ പ്ലേറ്റെടുത്തു കഴുകി മാമിയുടെ മുമ്പിലെത്തി. അവർ വിളമ്പിക്കൊടുത്ത ഇത്തിരി ചോറും കറിയും കഴിച്ച് പാത്രം കഴുകിവച്ച് തിരിച്ചു നടന്നു. അപ്പോൾ എന്തിനെന്നില്ലാതെ അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. ഉപ്പയുണ്ടായിരുന്നെങ്കിൽ... ഉമ്മ അങ്ങ് ദൂരേക്ക് പോകാതിരുന്നെങ്കിൽ... എന്ന് അവന്റെ മനസ്സപ്പോൾ പറഞ്ഞുകൊണ്ടിരുന്നു. (തുടരും)



# ബൈറുഹാഅ്

**സ**മ്പന്നനായ സ്വഹാബിയായിരുന്നു അബൂത്വൽഹതുൽ അൻസ്വാരി(റ). മദീനയിൽ അഞ്ഞൂറിലധികം ഈത്തപ്പനകളുള്ള വലിയൊരു തോട്ടം അദ്ദേഹത്തിനുണ്ടായിരുന്നു. 'ബൈറുഹാഅ്' എന്നായിരുന്നു അതിന്റെ പേര്. 'ഏറ്റവും ഇഷ്ടപ്പെട്ടതിൽ നിന്ന് ദാനം ചെയ്യുന്നതുവരെ നിങ്ങൾക്ക് ഗുണം ലഭിക്കുകയില്ല' എന്ന ആശയമുള്ള ആയത്ത് അവതരിച്ചപ്പോൾ അബൂത്വൽഹ(റ) തിരുനബി(സ)യോട് പറഞ്ഞു: 'നബിയേ, എന്റെ സമ്പത്തിൽ എനിക്കേറ്റവുമിഷ്ടം ബൈറുഹാഅ് തോട്ടമാണ്. അത് ഞാൻ അല്ലാഹുവിന്റെ മാർഗത്തിൽ ദാനം ചെയ്യുന്നു. അല്ലാഹുവിനടുക്കൽ അതിന് ഞാൻ പുണ്യം പ്രതീക്ഷിക്കുന്നു.'

അതുകേട്ട് തിരുനബി(സ) ആ തോട്ടം അബൂത്വൽഹ(റ)വിന്റെ കുടുംബക്കാർക്ക് വീതിച്ചുനൽകാൻ ആവശ്യപ്പെട്ടു.

***മുഹമ്മദ് റമീസ്, ക്ലാസ് 8,***
***മർകസു സഖാഫത്തിൽ ഇസ്‌ലാമിയ്യ, അകലാട്***

# എന്റെ നാട്

**ഞാ**ൻ പിറന്ന നാട്
ഭംഗിയുള്ള നാട്
വയലേലകളും പൂക്കളും
മരങ്ങളും നിറഞ്ഞ നാട്
കുന്നുകളും കാടുകളും
ഭംഗി നൽകും നാട്
സൗഹൃദം കളിയാടും
മലയാള നാട്

സ്വതന്ത്രമാണെൻ നാട്
സുന്ദരമാണീ മേട്
അറബിക്കടലിന്നോരം
കേരളമെന്നൊരു നാട്.

***അഹ്മദ് നബീൽ, ക്ലാസ്സ് 5***
***അൻവറുൽഹുദാ മദ്റസ***
***കളരാന്തിരി***

# എന്റെ എറണാകുളം യാത്ര

ഞങ്ങളുടെ മദ്റസയിൽ സംഘടിപ്പിച്ച സിയാറത്ത് ടൂർ വളരെ ഹൃദ്യമായിരുന്നു. നല്ലൊരു ടൂറിസ്റ്റ് ബസ്സിൽ ഉസ്താദുമാരുടെ നേതൃത്വത്തിൽ ഞങ്ങൾ അഞ്ചുമണിയോടെ പുറപ്പെട്ടു. ഉസ്താദ് യാത്രയാരംഭിക്കുമ്പോഴുള്ള പ്രാർത്ഥനകൾ ചൊല്ലിത്തന്നു. മമ്പുറംമഖാമായിരുന്നു ആദ്യ സിയാറത്ത് കേന്ദ്രം. പള്ളിയിൽ നിന്ന് സുബ്ഹി നിസ്കരിച്ച് മഖാം സിയാറത്ത് ചെയ്തു. സ്വാതന്ത്ര്യസമര നേതാവും ആത്മീയവെളിച്ചവുമായ സയ്യിദ് അലവി തങ്ങളെക്കുറിച്ച് ഉസ്താദ് വിശദീകരിച്ചു. തുടർന്ന് തിരുമദ്ഹുകൾ ചൊല്ലി ഞങ്ങൾ പൊന്നാനിയിലേക്ക് തിരിച്ചു.

പൂർവ്വകാല പണ്ഡിതന്മാർക്ക് വെളിച്ചം ചുരത്തിയ വിളക്കിനു ചുറ്റുമിരുന്ന് നാഫിആയ ഇൽമ് ലഭിക്കാൻ ഉസ്താദുമാർ ദുആ ചെയ്തു. ഞങ്ങൾ ആമീൻ പറഞ്ഞു. തുടർന്ന് സമീപത്തുള്ള സൈനുദ്ദീൻ മഖ്ദൂം(റ) വിന്റെ ഖബർ സിയാറത്ത് ചെയ്തു. മഹാനവർകൾ ജിന്നുകൾക്ക് ക്ലാസെടുത്തിരുന്ന പള്ളിയുടെ മുകൾനില ഉസ്താദുമാർ കാണിച്ചു തന്നു. പ്രഭാത ഭക്ഷണം കഴിച്ചു ബസ്സിൽ കയറി നേരെ പുത്തൻപള്ളിയിലേക്ക്. അവിടെയെത്തി മഹാനായ കുഞ്ഞിമുഹമ്മദ് മുസ്ലിയാരെ സിയാറത്ത് ചെയ്തു.

തുടർന്ന് ആതിരപ്പള്ളിയിലേക്ക് നീങ്ങി. അവിടെയുള്ള മനോഹരമായ വെള്ളച്ചാട്ടം കണ്ടു. ഉച്ചഭക്ഷണം കഴിച്ച് എറണാകുളത്തേക്ക്. വഴിയിൽ ഒരിടത്തിറങ്ങി പള്ളിയിൽ കയറി ഉസ്താദു പറഞ്ഞതു പ്രകാരം ളുഹ്റും അസ്റും ജംഉം ഖസ്റുമാക്കി നിർവഹിച്ചു.

നഗരത്തിൽ വലിയ തിരക്കായിരുന്നു. ഞങ്ങളുടെ വാഹനം ഗതാഗതക്കുരുക്കിൽ കുടുങ്ങി. അപ്പോൾ മഗ്‌രിബ് നിസ്കാരം ഇശാഇലേക്ക് പിന്തിച്ച് ജംആക്കാൻ ഉസ്താദ് നിർദ്ദേശിച്ചു. ഇതെല്ലാം പുതിയ അനുഭവങ്ങളായിരുന്നു. കൊച്ചി മെട്രോയിൽ കയറി ലുലുമാളിലെത്തി. മഗ്‌രിബും ഇശാഉം ജംആക്കി നിസ്കരിച്ചു. കുറച്ചു നേരം മാളിൽ കാഴ്ചകൾ കണ്ടു നടന്നു. പിന്നെ പുറത്തിറങ്ങി മടക്കയാത്രയാരംഭിച്ചു. വഴിയിൽ ഒരിടത്തിറങ്ങി രാത്രി ഭക്ഷണം കഴിച്ചു. ഉസ്താദിന്റെ വിവരണങ്ങളും വിവിധ മത്സരങ്ങളും കലാപ്രകടനങ്ങളും യാത്രയെ ആസ്വാദ്യകരമാക്കി.

*മുഹമ്മദ് പി.ടി, ക്ലാസ് 10,*
*ഹയാത്തുൽഇസ്‌ലാം മദ്റസ,*
*ചാലിയം*

# കത്തുകൾ

പിയപ്പെട്ട ബാലകുസമത്തിന്,
ഞാൻ എല്ലാ മാസവും നിന്നെ കാത്തിരിപ്പാണ്. മണ്ടപ്പൻ കഥകളും ഹോജയുടെ ഫലിതങ്ങളും എന്നെ ചിരിപ്പിക്കാറുണ്ട്. എല്ലാ കഥകളും ഒന്നിനൊന്നു മെച്ചം. സഫർ നൽകുന്ന പാഠങ്ങൾ ജീവിതത്തിൽ പകർത്താൻ ശ്രമിക്കാറുണ്ട്. അബൂട്ടിയുടെ നോവൽ വായിക്കുമ്പോൾ കരഞ്ഞുപോകും. അവന് എത്രയും വേഗം നല്ലൊരു ജീവിതം കിട്ടട്ടെ എന്നാണെന്റെ പ്രാർത്ഥന.

**മുഹമ്മദ് സഹൽ, ക്ലാസ് 4,**
**സി.എം.വി.എസ് മദ്റസ**

പിയപ്പെട്ട ബാലകുസമത്തിന്,
കുട്ടികളുടെ മനസ്സിൽ വെളിച്ചം നൽകുന്ന നിന്നെ ഞങ്ങൾക്കെല്ലാം ഇഷ്ടമാണ്. കുട്ടിക്കവിതകളും കഥകളും ഞങ്ങളുടെ മനസ്സു കവരുന്നു. സങ്കടവും സന്തോഷവും നിറഞ്ഞ അബൂട്ടിയുടെ ജീവിതം വായിക്കുമ്പോൾ പലപ്പോഴും കണ്ണുകൾ നനയാറുണ്ട്. ഹോജയും മിസ്റ്റർ മണ്ടപ്പനും ഏറെ രസകരം.

**റിസ്‌വാന ഫാത്തിമ ക്ലാസ് 4**
**ഹിദായത്തുൽ ഇസ്‌ലാം**
**മദ്റസ, ചേരിക്കോട്**

പ്രിയപ്പെട്ട ബാലകുസുമത്തിന്,
ഓരോ മാസവും നിന്റെ വരവും കാത്തിരിപ്പാണു ഞാൻ. സഫറും കുഞ്ഞുമോനും അബൂട്ടിയും എന്റെ കൂട്ടുകാരാണ്. മിസ്റ്റർ മണ്ടപ്പനും ഹോജയും മഹാരസികന്മാരാണ്. മഹാന്മാരുടെ ചരിത്ര കഥകൾ വായിക്കുമ്പോൾ അവരെപ്പോലെയാകാൻ കൊതിക്കും.
അഭിനന്ദനങ്ങളോടെ,

**ഫാത്തിമ നസ്ബിൻ പി.എ ക്ലാസ് 8**
**ഹുസൈനിയ മദ്റസ തമ്മനം**

മനാസിർ പട്‌ല




# സൈലന്റ്‌വാലിയെ അറിയാം

**കൂ**ട്ടുകാർ സൈലന്റ്‌വാലി എന്നു കേട്ടില്ലേ? കേരളത്തിലെ വലിയ ദേശീയോദ്യാനങ്ങളിലൊന്നാണ് സൈലന്റ്‌വാലി. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലാണ് സൈലന്റ്‌വാലി ദേശീയോദ്യാനം. ഇടുക്കിജില്ലക്കു പുറത്തുള്ള കേരളത്തിലെ ഏക ദേശിയോദ്യാനം കൂടിയാണിത്. അനേകായിരം വർഷങ്ങൾക്കു മുമ്പേ ഈ പ്രദേശം വനമേഖലയായിരുന്നുവെന്നാണ് ഭൂമിശാസ്ത്രജ്ഞരുടെ അഭിപ്രായം. സൈലന്റ്‌വാലി ജൈവവൈവിധ്യങ്ങളുടെ കലവറയായി മാറാനുള്ള മുഖ്യ കാരണവും ഈ കാലപ്പഴക്കം തന്നെ.

ഈ പ്രദേശത്തിന് സൈലന്റ്‌വാലി എന്ന പേര് നിർദ്ദേശിച്ചത് റോബർട്ട് റൈറ്റ് എന്ന ബ്രിട്ടീഷ് സസ്യശാസ്ത്രജ്ഞനാണ്. 1857ലാണ് അദ്ദേഹം സൈലന്റ്‌വാലിയിലെത്തിയത്. മറ്റു വനപ്രദേശങ്ങളിൽ കേൾക്കാറുള്ള ചീവീടുകളുടെ ശബ്ദം ഇവിടെ അദ്ദേഹത്തിനു കേൾക്കാൻ കഴിഞ്ഞില്ല. അക്കാര്യം ശ്രദ്ധിച്ച വൈറ്റ് ആ താഴ്‌വരക്ക് 'സൈലന്റ്‌വാലി' (നിശ്ശബ്ദ താഴ്‌വര) എന്നു പേരിട്ടു.

1914ൽ മദ്രാസ് സർക്കാർ സംരക്ഷിത വനപ്രദേശമായി പ്രഖ്യാപിച്ചതു മുതലാണ് ഈ പ്രദേശം ആധുനിക ചരിത്രത്തിലിടം നേടിയ

ത്. 89 ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തൃതിയുള്ള ഈ ദേശീയോദ്യാനം താരതമ്യേന ചെറുതാണെങ്കിലും ജൈവ വൈവിധ്യങ്ങളാൽ സമ്പന്നമാണ്. നീലഗിരി പീഠഭൂമിയുടെ ഭാഗമായ സൈലന്റ്‌വാലിയുടെ തെക്കുഭാഗം പാലക്കാടൻ സമതലങ്ങളുമായി ചേർന്നാണ് കിടക്കുന്നത്. സമുദ്രനിരപ്പിൽ നിന്ന് 2384 മീറ്റർ ഉയമുള്ള മലനിരകൾ വരെ സൈലന്റ്‌വാലിയിലുണ്ട്.

കേരളത്തിലെ ഏറ്റവും വലിയ മഴക്കാടെന്നും നിത്യഹരിതവനമെന്നും ഏക കന്യാവനമെന്നും സൈരന്ധ്രിവനമെന്നും സൈലന്റ്‌വാലി അറിയപ്പെടുന്നു. പുഷ്പിക്കുന്നതും അല്ലാത്തതുമായ ആയിരത്തിലധികം സസ്യയിനങ്ങളും നാനൂറിലധികം ശലഭയിനങ്ങളും കുറിച്ചെവിയൻ മൂങ്ങ, പ്രാപിടിയൻ, മലമുഴക്കി വേഴാമ്പൽ, തവളവായൻ തുടങ്ങി ഇരുന്നൂറോളം പക്ഷിയിനങ്ങളും സൈലന്റ്‌വാലിയിലുണ്ട്.

വംശനാശഭീഷണി നേരിടുന്ന സിംഹവാലൻ

## സിംഹവാലൻ കുരങ്ങ്

കേരളം, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലെ പശ്ചിമഘട്ടമലനിരകളിൽ മാത്രം കാണപ്പെടുന്ന മക്കാക്ക് വർഗത്തിൽപ്പെട്ട ഒരിനമാണ് സിംഹവാലൻകുരങ്ങ്. 25 സെ.മീ നീളമുള്ള വാലിനു സിംഹവാലിനോട് സാദൃശ്യമുള്ളതിനാലാണ് ഇവയെ സിംഹവാലൻ കുരങ്ങ് എന്നു വിളിക്കുന്നത്. രോമങ്ങൾ കറുത്തനിറത്തിലോ കടുംതവിട്ടുനിറത്തിലോ ആണ് കാണപ്പെടാറുള്ളത്. വെളുപ്പും വെള്ളിനിറവും കലർന്ന സടയാണിവയുടെ മറ്റൊരു പ്രത്യേകത. രോമങ്ങളില്ലാത്ത കറുത്ത മുഖമാണിവയ്ക്കുള്ളത്. മഴക്കാടുകളിലെ പഴങ്ങൾ, ഇലകൾ, പ്രാണികൾ, ചെറുജീവികൾ എന്നിവയാണ് ഇവയുടെ ഭക്ഷണം. നൂറോളം സസ്യയിനങ്ങൾ ഇവ ഭക്ഷണത്തിനായി ഉപയോഗിക്കുന്നു.

നല്ല മരംകയറ്റക്കാരായ ഇവ മഴക്കാടുകളുടെ മുകൾത്തട്ടിലാണ് മിക്കവാറും സമയം ചെലവഴിക്കുക. മനുഷ്യരുമായുള്ള ഇടപെടൽ ഇഷ്ടപ്പെടാത്ത കൂട്ടത്തിലാണിവ.





കുരങ്ങുകളും കരിങ്കുരങ്ങുകളും സൈലന്റ്‌വാലിയിൽ കാണപ്പെടുന്നു.

ഇരുളർ, മുകുടർ, കുറുമ്പർ മുതലായ ആദിവാസി വിഭാഗങ്ങൾ ഈ ദേശീയോദ്യാനപ്രദേശത്ത് താമസിക്കുന്നുണ്ട്. സൈലന്റ്‌വാലിയിലൂടെ ഒഴുകുന്ന ഏക പുഴയാണ് കുന്തിപ്പുഴ. ഭാരതപ്പുഴയുടെ പോഷകനദികളിലൊന്നാണിത്. 1984ൽ ഇന്ദിരാഗാന്ധിയാണ് സൈലന്റ്‌വാലി ദേശീയോദ്യാനമായി പ്രഖ്യാപിച്ചത്. 1985 നവംബർ ഏഴിന് രാജീവ് ഗാന്ധി സൈലന്റ്‌വാലി ദേശീയോദ്യാനം ഉദ്ഘാടനം ചെയ്തു. 2007ൽ സൈലന്റ്‌വാലി ബഫർസോണായി പ്രഖ്യാപിച്ചു. ലോക പൈതൃക പട്ടികയിൽ ഉൾപ്പെട്ട കേരളത്തിലെ ദേശീയോദ്യാനം കൂടിയാണ് സൈലന്റ്‌വാലി.

മലബാറിലെ വൈദ്യുതിക്ഷാമം പരിഹരിക്കാൻ കുന്തിപ്പുഴയിൽ അണക്കെട്ടുണ്ടാക്കി സൈലന്റ്‌വാലിയിൽ ജലവൈദ്യുതപദ്ധതി നടപ്പിലാക്കാൻ 1973ൽ പ്ലാനിംഗ് കമ്മീഷൻ സംസ്ഥാനസർക്കാരിന് അനുമതി നൽകിയിരുന്നു. വനമേഖലക്ക് ഭീഷണിയായ ഈ പദ്ധതിക്കെതിരെ കേരളത്തിലെ പരിസ്ഥിതിപ്രവർത്തകരും ബഹുജനങ്ങളും ഒറ്റക്കെട്ടായി പ്രതിഷേധിച്ചു. തുടർന്ന് അന്ന് പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി പദ്ധതി ഉപേക്ഷിക്കാൻ നിർദ്ദേശം നൽകി. സൈലന്റ്‌വാലിയെ ദേശീയോദ്യാനമായി പ്രഖ്യാപിച്ചു.

ശാസ്ത്രശാല

# ചോർപ്പും ക്യാനും

വീട്ടിൽ 5 ലിറ്റർ ഓയിൽക്യാൻ വാങ്ങിക്കൊണ്ടുവന്നിട്ടുണ്ട്. അതിൽ നിന്നൽപം ഒരു ചോർപ്പു വച്ച് കുപ്പിയിലേക്കൊഴിക്കാൻ ഉമ്മ നിങ്ങളോടാവശ്യപ്പെടുന്നു. നിങ്ങൾ കുപ്പിയിലേക്ക് എണ്ണ ഒഴിക്കാൻ ശ്രമിച്ചെങ്കിലും അത് എളുപ്പത്തിൽ കുപ്പിയിലേക്ക് വീഴുന്നില്ല. എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്? നമുക്ക് പരിശോധിക്കാം.

**ആവശ്യമായ വസ്തുക്കൾ:**
ചോർപ്പ്, ഓയിൽക്യാൻ, കുപ്പി

**ചെയ്യേണ്ട വിധം:**

കുപ്പി ഒരു മേശപ്പുറത്ത് വയ്ക്കുക. കുപ്പിയുടെ വായിൽ ചോർപ്പ് വെച്ച് ക്യാനിലെ എണ്ണ അതിലൂടെ കുപ്പിയിലേക്കൊഴിക്കുക. എണ്ണ സുഗമമായി കുപ്പിയിൽ വീഴുന്നതിനു പകരം ചോർപ്പിൽ അടിഞ്ഞുകൂടി നിൽക്കുന്നു. കുപ്പിയിൽ നിന്ന് ചോർപ്പ് അൽപം ഉയർത്തുമ്പോൾ എണ്ണ സുഗമമായി ഒഴുകുന്നു.



**സംഭവിക്കുന്നത്:**

ശൂന്യമായ കുപ്പിയിൽ വായു ഉണ്ടാകുമല്ലോ. കുപ്പിയുടെ വായ പൂർണ്ണമായും അടച്ച് ചോർപ്പുവച്ച് എണ്ണയൊഴിക്കുമ്പോൾ കുപ്പിക്കകത്തുള്ള വായുവിന് പുറത്തേക്കു പോകാൻ വഴിയില്ലാതാകുന്നു. അപ്പോൾ എണ്ണ സുഗമമായി കുപ്പിയിൽ വീഴില്ല. ചോർപ്പ് ഉയർത്തുമ്പോൾ വായുവിന് കുപ്പിയിൽ നിന്നു പുറത്തുകടക്കാൻ പഴുതുണ്ടാകുന്നു. എണ്ണ സുഗമമായി കുപ്പിയിൽ വീഴുന്നു.

ഇനി ഒരു സ്പൂണിന്റെ ഹാൻഡിൽ ചോർപ്പിൽ തിരുകി സ്പൂണിന്റെ ഒരു വശത്തുകൂടി എണ്ണയൊഴിച്ചുനോക്കൂ. എണ്ണ എളുപ്പത്തിൽ കുപ്പിയിൽ വീഴുന്നതു കാണാം. ഇതെന്തുകൊണ്ടെന്ന് പറയാമോ?

# മറന്നു വെച്ച ഹൃദയം

സന ഫാത്തിമ. പി

അപ്പുഅണ്ണാനും കിട്ടുക്കുരങ്ങനും സുഹൃത്തുക്കളായിരുന്നു. പുഴയുടെ തീരത്ത് നിറയെ അത്തിപ്പഴങ്ങളുള്ള ഒരു മരത്തിലാണവർ താമസിച്ചിരുന്നത്. ഒരിക്കൽ പുഴയുടെ അക്കരെ നിന്ന് ഒരു മുതല അത്തിമരത്തിനടുത്തെത്തി. അപ്പുവിനെയും കിട്ടുവിനെയും കണ്ടപ്പോൾ മുതല ചോദിച്ചു: 'കൂട്ടുകാരേ, എനിക്കും അല്പം അത്തിപ്പഴം തരാമോ? വിശന്നിട്ടു വയ്യ.'

'അതിനെന്താ, തരാമല്ലോ.' അവർ ഒരുപാട് അത്തിപ്പഴങ്ങൾ മുതലക്ക് നൽകി. മുതല പോയപ്പോൾ അപ്പുഅണ്ണാൻ കിട്ടുവിനോട് പറഞ്ഞു: 'അവനെ സൂക്ഷിക്കണം. വിശന്നാൽ അവൻ നിന്നെയും ഭക്ഷണമാക്കും.'

'ഏയ്, അവൻ പാവമാണെന്നേ. അവൻ നമ്മുടെ ചങ്ങാതിയല്ലേ?' കിട്ടു പറഞ്ഞു.

രുചികരമായ അത്തിപ്പഴം കഴിക്കാൻ അത്തിമരത്തിനു ചുവട്ടിൽ മുതലയുടെ വരവ് പതിവായി. ഒരിക്കൽ വയറുനിറയെ കഴിച്ച് അല്പം അത്തിപ്പഴം മുതല തന്റെ ഭാര്യക്കു നൽകാൻ കൊണ്ടുപോയി. അത്തിപ്പഴത്തിന്റെ രുചിയറിഞ്ഞ മുതലയുടെ ഭാര്യ പറഞ്ഞു: 'എന്നും ഇത്ര രുചികരമായ അത്തിപ്പഴം കഴിക്കുന്ന ആ കുരങ്ങന്റെ ഹൃദയത്തിന് എന്തു രുചിയായിരിക്കും!'

'അത് ശരിയാണല്ലോ' എന്ന് മുതലക്കും തോന്നി.

അടുത്ത ദിവസം മുതല അത്തിപ്പഴം കഴിക്കാൻ വന്നപ്പോൾ അപ്പുഅണ്ണാൻ അവിടെയുണ്ടായിരുന്നില്ല. മുതല കിട്ടുക്കുരങ്ങനോട് പറഞ്ഞു: 'ചങ്ങാതീ, എന്റെ ഭാര്യ നിനക്ക് ഉഗ്രൻ സദ്യ തയ്യാറാക്കിയിട്ടുണ്ട്. എന്റെ കൂടെ വന്നാൽ തരാം.'

'ശരി. പക്ഷേ, എനിക്ക് നീന്താൻ അറിയില്ലല്ലോ.' കിട്ടു മുതലയോട് പറഞ്ഞു.

'അതു സാരമില്ല, എന്റെ പുറത്ത് കയറിക്കോളൂ. ഞാൻ അക്കരെ കൊണ്ടുപോകാം.'

അങ്ങനെ മുതലയുടെ പുറത്തു കയറി കിട്ടു പുഴയുടെ

അക്കരേക്ക് യാത്രയായി. പുഴയുടെ നടുവിലെത്തിയപ്പോൾ കള്ളച്ചിരിയോടെ മുതല പറഞ്ഞു: 'എടാ, വിഡ്ഢിക്കുരങ്ങാ. നിന്റെ ഹൃദയത്തിന്റെ രുചിയറിയാനാണ് നിന്നെ കൊണ്ടുപോകുന്നത്.'

അമളി മനസ്സിലാക്കിയ കിട്ടു ഉടൻ ഒരു സൂത്രം പ്രയോഗിച്ചു. അവൻ സങ്കടത്തോടെ മുതലയോട് പറഞ്ഞു: 'ഹയ്യോ, സുഹൃത്തേ, കഷ്ടം! എന്റെ ഹൃദയം നിങ്ങൾക്കു നൽകുന്നതിൽ എനിക്ക് സന്തോഷമേയുള്ളൂ. പക്ഷേ, ഞാൻ എന്റെ ഹൃദയം മരത്തിന്റെ ചില്ലയിൽ വെച്ചിരിക്കുകയാണല്ലോ.'

അതുകേട്ട് മുതല പറഞ്ഞു: 'അതു സാരമില്ല. ഞാൻ നിന്നെ അത്തിമരത്തിനടുത്തേക്കെത്തിക്കാം. വേഗം ഹൃദയമെടുത്തു വരൂ.' മുതല തിരിച്ചു നീന്തി അത്തിമരത്തിനടുത്തെത്തിയതും കിട്ടു മരത്തിലേക്ക് ഒറ്റച്ചാട്ടം. എന്നിട്ട് മുതലയെ നോക്കി പറഞ്ഞു: 'മണ്ടൻ മുതലച്ചാരേ, ഇവിടെ നിന്ന് വേഗം പൊയ്ക്കോളൂ.



നിനക്ക് എന്റെ ഹൃദയം പോയിട്ട് ഈ മരത്തിലെ ഒരു അത്തിപ്പഴം പോലും ഇനി കിട്ടില്ല.' അതുകേട്ട് മുതല നിരാശയോടെ വീട്ടിലേക്ക് മടങ്ങി. പിന്നീട് മുതല അതുവഴി വന്നിട്ടേയില്ല. ❖

## വഴി കാണിക്കാമോ?

കുഞ്ഞനെലിയും
കുട്ടുമുയലും
ചങ്ങാതിമാരാണ്.
ഒരു യാത്രയിൽ
അവർക്ക്
വഴിതെറ്റിപ്പോയി.
വഴി കണ്ടെത്താൻ
കൂട്ടുകാർ
സഹായിക്കാമോ?



## എണ്ണമെഴുതാം



## വരക്കാൻ പഠിക്കാം



1 2 3 4

## ഒറ്റയാനാര് ?

ഒറ്റപ്പെട്ടതിനെ വൃത്തത്തിലാക്കൂ...



## നിറം നൽകാം പൂർത്തിയാക്കാം

സുന്ദരിപ്പൂമ്പാറ്റയുടെ നിറം നൽകാത്ത പകുതി കൂടി നിറം നൽകി ഭംഗിയാക്കിക്കോളൂ.



Current Affairs

## മത്സ്യ-6000

മനുഷ്യനെ സമുദ്രത്തിന്റെ അടിത്തട്ടിലേക്കെത്തിക്കുന്നതിനുള്ള ഇന്ത്യയുടെ സമുദ്രയാൻ പദ്ധതിക്കായി നിർമിച്ച മത്സ്യ-6000 അന്തർവാഹിനി വിജയകരമായി കടലിലിറക്കി. ജനുവരി 27 മുതൽ ഫെബ്രുവരി 12 വരെ ചെന്നൈക്കടുത്തുള്ള കാട്ടുപ്പള്ളിയിലെ എൽ.ആൻഡ്.ടി തുറമുഖത്തായിരുന്നു പരീക്ഷണം. ചെന്നൈ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയാണ് അന്തർവാഹിനി നിർമിച്ചത്.

## ചൊവ്വയിൽ ജീവനു തെളിവ്?

ചൊവ്വയുടെ ചുവപ്പുനിറം പണ്ടു ഗ്രഹത്തിലുണ്ടായിരുന്ന ജീവന്റെ തെളിവാകാമെന്നു പുതിയ പഠനം. ഫെറിഹൈഡ്രൈറ്റ് എന്ന ഇരുമ്പ്



സംയുക്തമാണ് ചൊവ്വയ്ക്കു ചുവന്ന നിറം നൽകുന്നത്. ഫെറിഹൈഡ്രൈറ്റ് സംയുക്തം ഉണ്ടാകാൻ തണുത്ത ജലം വേണം. യു.എസിലെ ബ്രൗൺ സർവകലാശാലയിലെ ഗവേഷകരാണ് പഠനത്തിനു നേതൃത്വം നൽകിയത്.

## സിറ്റിസൺ ബജറ്റ്

ബജറ്റുമായി ബന്ധപ്പെട്ട പ്രധാന ധനകാര്യവിവരങ്ങൾ സാധാരണ പൗരന്മാർക്ക് ലളിതമായി മനസ്സിലാകുന്ന രീതിയിൽ അവതരിപ്പിക്കുന്ന രേഖയാണു 'സിറ്റിസൺ ബജറ്റ്'. പൊതുപണം എങ്ങനെ കൈകാര്യം ചെയ്യപ്പെടുന്നുവെന്നും ഏതൊക്കെ വരുമാന സ്രോതസ്സുകളിലൂടെയാണ് സർക്കാരിന് ലഭ്യമാകുന്നതെന്നും അവ എന്തിനു വേണ്ടിയാണ് സർക്കാർ വിനിയോഗിക്കുന്നതെന്നും ഇതിൽ പ്രതിപാദിക്കുന്നു. കേരളത്തിൽ ആദ്യമായി സിറ്റിസൺസ് ബജറ്റ് അവതരിപ്പിച്ചത് 2025 ഫെബ്രുവരി 7 നാണ്.

## ഡൽഹിയുടെ ഭരണരേഖ

ഡൽഹിയുടെ ഒൻപതാമത്തെ മുഖ്യമന്ത്രിയായി രേഖ ഗുപ്ത അധികാരമേറ്റു. ഫെബ്രുവരി 20നു രാംലീല മൈതാനിയിൽ നടന്ന ചടങ്ങിൽ ലഫ്റ്റനന്റ് ഗവർണർ വി.കെ സക്സേന സത്യവാചകം ചൊല്ലിക്കൊടുത്തു.

സൗത്ത്ഡൽഹി മേയറായിരുന്ന രേഖ ഗുപ്ത ആദ്യമായാണ് നിയമസഭാംഗമായത്.

هَيَّا نَقْرَأ قِصَّةَ فَاتِن بِاللُّغَةِ العَرَبِيَّة

# فَاتِنُ لَمْ تَعُدْ حَزِينَة

آه! لَوْ تَسْتَطِيعُ مُسَاعَدَةَ وَالِدَتِهَا فِي الْمَنْزِلِ! كَمْ تَتَمَنَّى مُرَافَقَتَهَا إِلَى السُّوقِ أَوْ نَبعِ الْمَاءِ وَمُسَاعَدَتَهَا فِي الإِهْتِمَامِ بِشَقِيقَتِهَا بَدْر! وَلَكِنَّهَا لَمْ تَكُنْ تَسْتَطِيعُ ذَلِك.

أَحْيَانًا، تُسَلِّي فَاتِنُ نَفْسَهَا بِالرَّسْمِ. فَتُمْسِكُ قَلَمًا وَتَخُطُّ عَلَى وَرَقَةٍ مُلَوَّنَةٍ عَصَافِيرَ تَطِيرُ، وَجِدْيَانَ تَقْفِزُ وَأَطْفَالاً يَرْكُضُونَ، فَتَسْتَأْنِسُ قَلِيلًا.

ذَاتَ يَوْمٍ، طَلَبَتْ فَاتِنُ مِنْ رَفِيقِهَا تَامِر الَّذِي يَزُورُهَا كُلَّ خَمِيسٍ أَنْ



يَصْنَعَ لَهَا عُكَازَيْنِ، لِكَيْ تَذْهَبَ إِلَى الْمَدْرَسَةِ وَيَكُونُ لَهَا رِفَاقٌ تَلْعَبُ مَعَهُمْ بِالْكُرَةِ مِثْلَهُ تَامِرُ صَبِيٌّ فِي الْحَادِيَةِ عَشْرَةَ مِنْ عُمْرِهِ، وَمُصَابٌ بِشَلَلِ الأَطْفَالِ أَيْضًا. لَكِنَّهُ يَذْهَبُ إِلَى الْمَدْرَسَةِ وَيَلْعَبُ مَعَ رِفَاقِهِ بِوَاسِطَةِ عُكَازَيْنِ خَشَبِيَّيْنِ.

هَيَّا نَحْفَظ وَ نَكْتُب الْمَعْنَى لِلأَلْفَاظِ الْآتِيَة

مُسَاعَدَةٌ , سُوقٌ , عُصْفُورٌ , عُكَازٌ , كُرَةٌ

# English Corner

Story Line

## Swan and Ducklings

**O**nce upon a time, a beautiful duck family had a baby that looked tall and bigger than others. Even the mother duck doubted whether he was a turkey when she saw him with his big body and long neck. However, he started swimming in large ponds at a very young age.

When the mother duck took the other ducklings to teach them how to swim, he was swimming in the middle of the pond. The other ducklings were surprised to see his white feathers, long neck, and big body. They all had small bodies and were coloured yellow and black.

One day, while he was walking through the



village, he came across a group of birds like him. That's when he realized that he was not a duck but a beautiful swan. He lived happily with those swans for the rest of his life.

**Lesson:** Don't judge anyone by their appearance.

# അരയന്നവും കുഞ്ഞുതാറാവുകളും

**പ**ണ്ടുപണ്ട് ഒരു താറാവുകുടുംബത്തിൽ കാണാൻ വലിപ്പമുള്ള ഒരു കുഞ്ഞ് ജനിച്ചു. വലിയ ശരീരവും നീണ്ട കഴുത്തുമുള്ള അവനെ കണ്ടപ്പോൾ ടർക്കിക്കോഴിയാണോ എന്ന് അമ്മത്താറാവിനു പോലും സംശയമായി. എന്നാൽ, വളരെ ചെറുപ്പത്തിൽ തന്നെ വലിയ കുളങ്ങളിൽ അവൻ നീന്തിത്തുടങ്ങി.

അമ്മത്താറാവ് മറ്റു കുഞ്ഞുങ്ങളെ നീന്തൽ പഠിപ്പിക്കാൻ കൊണ്ടുപോകുമ്പോൾ അവൻ കുളത്തിന്റെ നടുവിൽ നീന്തിക്കളിക്കുകയായിരുന്നു. അവന്റെ വെളുത്ത തൂവലുകളും ഉയർന്ന കഴുത്തും വലിയ ശരീരവും കണ്ടപ്പോൾ മറ്റു കുഞ്ഞുങ്ങൾക്ക് അതിശയമായി. അവർക്കെല്ലാം കുഞ്ഞുശരീരവും മഞ്ഞയും കറുപ്പും കലർന്ന നിറവുമായിരുന്നു.

ഒരു ദിവസം അവൻ ഗ്രാമത്തിലൂടെ സഞ്ചരിക്കുമ്പോൾ തന്നെപ്പോലുള്ള ഒരു കൂട്ടം പക്ഷികളെ കാണാനിടയായി. അപ്പോഴാണ് താനൊരു താറാവല്ലെന്നും സുന്ദരനായ അരയന്നമാണെന്നും അവനു മനസ്സിലായത്. ശിഷ്ടകാലം അവൻ ആ അരയന്നങ്ങളോടൊപ്പം സന്തോഷത്തോടെ ജീവിച്ചു. ❖

# Tenses

## 1.Present Perfect Tense

The present perfect tense is employed in a sentence to represent an action that just happened in the recent past and still has its effect in the present or an action that represents an indefinite time in the past.

**Structure**

**Subject + have/has + past participle (V3) + the rest of the sentence**

- **Positive**
  I have finished my work.
  She has completed the task.
- **Negative**
  I have not finished my work.
  She has not completed the task.
- **Interrogative**
  Have I finished my work?
  Has she completed the task?
- **Negative Interrogative**
  Haven't I finished my work? / Have I not finished my work?
  Hasn't she completed the task? / Has she not completed the task?

## The present perfect is used to describe

- **An action or situation that started in the past and continues in the present.**

Eg: I have lived in England since 1984 ( and I still do.)

- **An action performed during a period that has not yet finished.**

Eg: She has gone to Calicut twice this week (and the week isn't over yet.)

- **A repeated action in an unspecified period between the past and now.**

Eg: We have visited Ooty several times.

- **An action that was completed in the very recent past, expressed by 'just'.**

Eg: I have just finished my work.

- **An action when the time is not important.**

Eg: He has read 'War and Peace'. (the result of his reading is important)

## Poem



### *The Elephant*

It's wonder to see an elephant
Calm, gentle and elegant
Trunk so long and steps so strong
Walks through grassy lands
With ears like giant fans

**Salam Thirumala**


Master
Imitable
The news is that the summer heat waves would be too high this year.
Yes, I could read it in the newspaper.
Upcoming summer seasons will be very difficult to survive for us.
Not only for us...
But also for the Animals, birds, and other creatures.
Look, there is a Myna drinking water from the stream.
Yes, there's a water hen in that thicket.
Wow! It's very nice to see.
I wonder how they can survive this hard summer.
Follow me, let's see.


Look, at the top of that mango tree.
Oh! Sweet yellow mangoes!
Birds eat those mangoes and fill their stomach
Now, look that...
A tiny squirrel. Is it eating jackfruit?
Yes, these kinds of fruits give them a sweet summer.
Amazing!
Almighty Allah is so merciful! He feeds each and every creature.
Alhamdulillah! Pure water and sweet fruits!
Delicious!

# WORD PUZZLE

Read the story '**Swan and Ducklings**', find the underlined words and try to find out its meaning.

| | | | | | | |
|---|---|---|---|---|---|---|
| V | I | L | L | A | G | E |
| Y | E | G | Y | R | A | L |
| L | P | N | E | C | K | D |
| I | O | U | K | C | U | D |
| M | N | O | R | E | N | I |
| A | D | Y | U | C | M | M |
| F | E | A | T | H | E | R |

## Name me



_ _ A _



G _ _ _ _



_ _ _ D

ANS: GOAT,GRASS,GOLD

## Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | | 1 | 3 | 6 | | | | |
| 6 | | | 2 | 5 | | | 9 | |
| | 5 | 3 | | 1 | | | 4 | 2 |
| 5 | | 6 | 4 | | 7 | | | |
| | 4 | | | | | 3 | 2 | 5 |
| 1 | 8 | 2 | 9 | | | | 6 | 4 |
| | | | | | 1 | 9 | | 8 |
| | | | 6 | 7 | 3 | 2 | | |
| 3 | 1 | 5 | | | | | | |

## Sudoku

ANSWER
**MARCH ISSUE**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | 2 | 9 | 1 | 3 | 7 | 4 | 8 | 6 |
| 3 | 7 | 8 | 5 | 6 | 4 | 9 | 1 | 2 |
| 6 | 1 | 4 | 9 | 2 | 8 | 5 | 7 | 3 |
| 4 | 9 | 3 | 2 | 5 | 1 | 8 | 6 | 7 |
| 1 | 6 | 7 | 8 | 9 | 3 | 2 | 4 | 5 |
| 8 | 5 | 2 | 7 | 4 | 6 | 1 | 3 | 9 |
| 9 | 8 | 6 | 4 | 7 | 2 | 3 | 5 | 1 |
| 2 | 3 | 1 | 6 | 8 | 5 | 7 | 9 | 4 |
| 7 | 4 | 5 | 3 | 1 | 9 | 6 | 2 | 8 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**